

# മുന്നേറ്റം

"മുന്നേറാം മുന്നൊരുക്കത്തോടെ ;
നേടാനുണ്ട് പുതിയ ആകാശങ്ങൾ"

## ACADEMIC MASTER PLAN 2025-'26

## GHSS ERANHIMANGAD

# മുന്നേറ്റം

**ACADEMIC MASTER PLAN - 2025 - '26**
**GHSS ERANHIMANGAD**

## കാഴ്ചപ്പാടും ദിശയും

സമഗ്രമായ പഠനാനുഭവങ്ങൾ ഒരുക്കി വിദ്യാലയാന്തരീക്ഷം സർഗ്ഗാത്മകമാക്കി നിലനിർത്താനുള്ള ആത്മാർത്ഥ ശ്രമത്തിന്റെ സംക്ഷിപ്ത ആസൂത്രണരേഖ ഇവിടെ ഇതൾ വിരിയുമ്പോൾ തീർച്ചയായും അത് കടന്നുവന്ന മികവിന്റെ വഴികളെ കൂടുതൽ ഭദ്രമാക്കുകയും ഏറ്റവും പുതിയ ചിന്താ പദ്ധതികളെ പ്രയോഗവൽക്കരിക്കുകയുമാണ്... **മികവിന്റെ നിറവിലേയ്ക്കൊരു പൊതു വിദ്യാലയം** എന്ന നേട്ടത്തിൽ നിന്ന് പുതിയ കാലത്തിന്റെ പഠന വഴികളെ സ്വാംശീകരിക്കാനുള്ള **മുന്നൊരുക്കം തന്നെയാണ് മുന്നേറ്റത്തിന്റെ** താളുകളിൽ പ്രതിഫലിക്കുന്നത്...

**നേടാനുണ്ട് പുതിയ ആകാശങ്ങൾ** എന്ന സങ്കല്പത്തിലൂന്നി കൃത്യമായ അവസ്ഥാ വിശകലനത്തിലൂടെ അക്കാദമിക ഭൗതിക സാഹചര്യങ്ങൾക്ക് അനുസൃതമായി പഠന പദ്ധതികളെ ആസൂത്രണം ചെയ്ത് ക്രിയാത്മകമായ പഠന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ തീർച്ചയായും **മുന്നേറ്റം** ഇവിടെ നിരന്തരമായി വളർച്ച ആവശ്യപ്പെടുന്നുണ്ട്... ആയതിനാൽ **മുന്നേറ്റം** സാർത്ഥകമാകേണ്ടത് സർഗാത്മക ക്ലാസ് റൂം, ക്ലാസ് ഇതര പ്രവർത്തനങ്ങളിലൂടെയും ഭൗതീക വികാസത്തിലൂടെയുമാണ്... അതിന്റെ ഫലങ്ങൾ ഓരോ വിദ്യാർത്ഥിയിലേയ്ക്കും പകരേണ്ടതുണ്ട്... എങ്കിൽ മാത്രമെ സമഗ്ര ഗുണമേന്മയിലേയ്ക്കുള്ള വളർച്ച നമുക്ക് സാധ്യമാവുകയുള്ളൂ... പൊതു വിദ്യാലയ ശാക്തീകരണ യജ്ഞത്തിലൂടെയും സമഗ്രഗുണമേന്മ പ്രവർത്തനങ്ങളിലൂടെയും കേരള സർക്കാർ മുന്നോട്ട് വയ്ക്കുന്ന ക്രിയാത്മക ചിന്തകളുടെ ചിറകിന് നമുക്ക് കരുത്ത് പകരാം അതിന് സമൂഹം, ഇച്ഛാശക്തിയുള്ള രാഷ്ട്രീയ നേതൃത്വം, അദ്ധ്യാപക- രക്ഷാകർതൃ കൂട്ടായ്മകൾ, അഭ്യുദയകാംക്ഷികൾ, വിദ്യാർത്ഥികൾ, വിവിധ ഏജൻസികൾ എന്നിവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിയ്ക്കാം... അങ്ങിനെ **മുന്നൊരുക്കത്തോടെ നമുക്ക് ഒരുമിച്ച് മുന്നേറാം... നമുക്ക് നേടാനുള്ളത് പുതിയ ആകാശങ്ങളാണ്...**

## സമർപ്പണം

പ്രാരാബ്ധത്തിന്റെ ഇന്നലെകൾ, അവസരമില്ലായ്മയുടെ നൊമ്പരങ്ങൾ, എന്നിവയ്ക്കും അപ്പുറത്ത്, ഒരു മലയോരജനതയുടെ ഉത്ക്കടമായ സ്വപ്നങ്ങളുടെ തീക്ഷ്ണതയിൽ നിന്നാണ് ഈ മാതൃകാ വിദ്യാലയവും സ്വപ്നങ്ങളിലേക്ക് ധീരമായി തലയുയർത്തി ഉറച്ച കാൽവെപ്പുകളോടെ മുന്നേറ്റം നടത്തിയത്....! നൂറുമേനി വിജയത്തിന്റെ കേവലാനന്ദം മാത്രല്ല ഈ നാടിൻറെ സ്വപ്നം. നേട്ടങ്ങളുടെ വർത്തമാനകാലം നൂറുമേനി വിജയത്തെ യാഥാർത്ഥ്യമാക്കിയിരിക്കുന്നു! ഇനി സമഗ്രമായ നാടിൻറെ വിദ്യാഭ്യാസ സ്വപ്നങ്ങൾ പൂർത്തീകരിക്കണം... എല്ലാ വിദ്യാർത്ഥികളും മികവിന്റെ നിറവിൽ എത്തുമ്പോൾ, കലാലയം സർഗാത്മകവും ശാസ്ത്രപരീക്ഷണ വേദികയും ആകുമ്പോൾ, പൗരധർമ്മത്തിന്റെ മാതൃകയായി ഉയരാൻ ഓരോ വിദ്യാർത്ഥിക്കും സാധിക്കുകയും ചെയ്യുമ്പോൾ മാത്രമേ നാം പ്രത്യാശിക്കുന്ന മികവിലേക്ക് നമ്മുടെ സ്ഥാപനത്തെ ഉയർത്താനാവൂ... തീർച്ചയായും അത് സാധ്യമാണ്.... **അതിരുകളില്ലാത്ത ആകാശം ലക്ഷ്യം വെക്കുകയാണ് നാം...** ഇനിയുമുയരത്തിൽ... ചക്രവാളങ്ങൾക്കുമപ്പുറത്തേക്ക് ....അറിവിന്റെ വർണ്ണച്ചിറകുകളുമായ്... **നമുക്ക് കൂട്ടായ് മുന്നേറ്റം നടത്താം...** അതിനായി മുന്നൊരുക്കം നടത്താം മികവിന്റെ പുതിയ ആകാശങ്ങളിലേയ്ക്ക് പറന്നുയരാൻ ആശിച്ചെത്തുന്ന പുതുതലമുറയ്ക്ക് ഈ മാസ്റ്റർ പ്ലാൻ സമർപ്പിയ്ക്കുന്നു...!!

**TEAM GHSS ERANHIMANGAD**

# വിദ്യാലയ ഗീതം





വിശ്വവിധാവിൻ വിശ്രുതരചന
പൂർണ്ണതയേകിയ സർഗ്ഗഭ്രൂവിൽ
കാനനഭംഗികൾ കേളികളാടും
പശ്ചിമഘട്ട താഴ്‌വര തന്നിൽ

ആദിപുരാതനമാനവ ജീവിത-
മിവിടെ രചിക്കും തുടർക്കാവ്യം
കുടിയേറ്റത്തിൻ സഹനഗാഥകൾ
വർഗ്ഗസമര ചരിത്രങ്ങൾ...

ബാങ്കോലി ശങ്കോലി മണിനാദങ്ങൾ
സമത്വദർശനഗീതം പാടും
ഏറനാടിൻ സംസ്കൃതി തന്നിൽ
ചാലിയാറായി ഒഴുകുമ്പോൾ

സഹസ്രകിരണ പ്രഭാവലി ചൂടി
ഇവിടെയുണരുന്നൻ വിദ്യാലയം
ഈ തിരുമുറ്റമലങ്കരിക്കും
നീലവിഹായസ്സിലെഴുതുകയായി...
പുതുതലമുറ തൻ ജയഭേരി...

അറിവിൻ നാളമുയർത്തും
ഗുരുവരർ വിദ്യാ കുതുകികൾ ശിഷ്യഗണങ്ങൾ....
മമ വിദ്യാലയ ശ്രീകോവിലിതാ...
വിശ്വസ്നേഹം മന്ത്രിപ്പൂ...

വരികയീ ധന്യ കേദാരത്തിൻ
പടികൾ ജീവിതസോപാനങ്ങൾ
ഉറച്ച കാൽവയ്പ്പോടെ കുതിക്കാൻ
അണയുക നവയുഗ ശില്പികളെ...
അണയുക നവയുഗ ശിൽപ്പികളെ...

രചന, സംഗീതം : ശ്രീ സജേഷ് ആനപ്പാൻ (മലയാളം അധ്യപകൻ) (ഇംഗ്ലീഷ് അധ്യാപകൻ ശ്രീ. ജോഷി കെ.വി. വിഭാവനം ചെയ്ത സ്പന്ദനം **All Round Club** ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച്, ശ്രേഷ്ഠ കവി ശ്രീ മധുസൂദനൻനായർ വിശിഷ്ടാതിഥിയായ സർഗ്ഗസ്പന്ദനംപരിപാടിയിൽ **2014** നവംബർ **27** നാണ് ആദ്യമായി ഇത് അവതരിപ്പിക്കപ്പെട്ടത്)

# അക്ഷരപ്രതിജ്ഞ

**[മലയാളത്തിന്റെ അക്ഷര പ്രതിഭ ശ്രീ. സുഭാഷ് ചന്ദ്രൻ, അക്ഷരസ്പന്ദം 2018 പ്രോഗ്രാമിൽ വച്ച് കുട്ടികൾക്ക് ചൊല്ലികൊടുത്ത പ്രതിജ്ഞ. 21 ക്ലാസ്സ് റൂം ലൈബ്രറികൾ ഉദ്ഘാടനം ചെയ്യപ്പെട്ട വേദിയിൽ വച്ചാണ് അദ്ദേഹം ഈ പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്.]**

**ഞാൻ വാക്കാകുന്നു.**

**ഞാൻ അക്ഷരമാകുന്നു.**

**എന്നിലെ പൂർണതയിലേക്ക് എന്നെ നയിക്കുന്ന അക്ഷരങ്ങൾ തന്നെയാണ് സർവ്വചരാചരങ്ങളായി പരിലസിക്കുന്നത് എന്ന സത്യം ഞാൻ തിരിച്ചറിയുന്നു.**

**എൻറെ അമ്മയും അച്ഛനും ധന്യമാക്കിയ എന്റെ പൈതൃകത്തിന്റെ പുണ്യം എന്റെ മേധയിൽ നറുനിലാവ് പടർത്തട്ടെ...**

**എന്നെ കൈപിടിച്ച് നടത്തുന്ന ഗുരുക്കന്മാരുടെ വാക്കിലൂടെ ഞാൻ നിത്യചൈതന്യമായ ഈശ്വരനെ അറിയട്ടെ....**

**നാളെയുടെ ജീവിത വഴികളിൽ ഞാൻ വെളിച്ചമാകുന്നു.**

**അക്ഷരങ്ങളിലെ നന്മയും, വിശുദ്ധിയും, ആത്മാവിൽ പടർത്തി ഞാൻ ഉണർന്നിരിക്കുമെന്നും, വരും കാലത്തിന്റെ ചിന്താനഭസുകളിൽ ഞാൻ ദീപശിഖ ആകും എന്നും ഇവിടെ പ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ... പ്രതിജ്ഞ... പ്രതിജ്ഞ...**

**[ടീം ജിഎച്ച്എസ്എസ് എരഞ്ഞിമങ്ങാടിന് വേണ്ടി മലയാളം അധ്യാപകനായ ശ്രീ സജേഷ് ആനപ്പാറം ഇംഗ്ലീഷ് അധ്യാപകനായ ശ്രീ. കെ. വി. ജോഷിയും ചേർന്നൊരുക്കിയത്]**






## Eranjimangad school anniversary

**Malappuram:** Eranjimangad government higher secondary school celebrated its anniversary as well bid farewell to teacher Khadeeja Thorappa who retired, at the school recently.

Writer Subhash Chandran inaugurated the 'Aksharaspandam' function where students took an oath with text books on their hands. He also inaugurated the class room libraries. Chaliyar gram panchayat president P.T Usman inaugurated the farewell function. District panchayat member Sherley Vargeese released the comprehensive education draft plan of the school. Principal Rosamma John, P.T.A president Sunil K. Kammath, headmistress K. Usha, Dr. P.R Athira, Prameela among others spoke. —DC

Writer Subhash Chandran inaugurates the 'Aksharaspandam' function at the school.



## വിദ്യാർഥികൾ അക്ഷര ചൈതന്യംകൊണ്ട് പ്രകാശിക്കുന്ന മിന്നാമിനുങ്ങുകളാകണം -സുഭാഷ് ചന്ദ്രൻ

നിലമ്പൂർ ▸ അക്ഷര ചൈതന്യം കൊണ്ട് സ്വയം പ്രകാശിക്കുന്ന മിന്നാമിനുങ്ങുകളാകണം വിദ്യാർഥികളെന്ന് പ്രമുഖ കഥാകാരൻ സുഭാഷ്ചന്ദ്രൻ അഭിപ്രായപ്പെട്ടു. എരഞ്ഞിമങ്ങാട് ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച അക്ഷരസ്പന്ദം-2018 ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അദ്ദേഹം ചൊല്ലിക്കൊടുത്ത അക്ഷര പ്രതിജ്ഞ 101 വിദ്യാർഥി പ്രതിനിധികൾ ഏറ്റുചൊല്ലി. 'ജ്യോതിസ്' - 21 ക്ലാസ് റൂം ലൈബ്രറികളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

ഇതോടനുബന്ധിച്ചു നടന്ന യാത്രയയപ്പ് സമ്മേളനം പി.ടി. ഉസ്മാൻ ഉദ്ഘാടനം ചെയ്തു. സാർഥകം മിഷൻ-25 സമഗ്ര വിദ്യാലയ വികസന രേഖ ജില്ലാ പഞ്ചായത്തംഗം ഷേർളി വർഗീസ് പ്രകാശനം ചെയ്തു.

ചിലമ്പ് സർഗവേദിയുടെ ഉദ്ഘാടനം മുൻ സംസ്ഥാന കലാതിലകം ഡോ.പി.ആർ. ആതിര നിർവഹിച്ചു.

പരിശീലക പ്രതിഭകളെ പ്രാദരിച്ചു. സുനിൽ കെ.കമ്മത്ത് അധ്യക്ഷനായി.

പ്രിൻസിപ്പൽ റോസമ്മ ജോൺ, നൗഷാദ് പൂക്കോടൻ, ഹാരിസ് ആട്ടീരി, ബീന പി.കുമാർ, ഇ. സുകുമാരൻ, കെ.പി. വിനോദ് കുമാർ, പി. നൗഷാദലി, മുഹമ്മദ് ഷംലീക്, പ്രധാനാധ്യാപിക കെ. ഉഷ, ധൻദേവ് കമ്മത്ത്, ഖദീജ തോരപ്പ എന്നിവർ സംസാരിച്ചു.

എരഞ്ഞിമങ്ങാട് ഗവ.ഹയർസെക്കൻഡറി സ്കൂളിലെ അക്ഷര സ്പന്ദം പരിപാടിയിൽ കഥാകാരൻ സുഭാഷ്ചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തുന്നു



# ജിഎച്ച്എസ്എസ് എരഞ്ഞിമങ്ങാട്

## അടിസ്ഥാന വിവരങ്ങൾ

**വിദ്യാലയത്തിന്റെ പേര്: ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ എരഞ്ഞിമങ്ങാട്**

**ഫോൺ:04931 206280**

**വിലാസം : എരഞ്ഞിമങ്ങാട് പി ഓ നിലമ്പൂർ, മലപ്പുറം, 679329**

**സ്കൂൾ കോഡ്: 48036 (എച്ച്. എസ്) 11151(എച്ച്.എസ്.എസ്)**

**വിദ്യാഭ്യാസ ഉപജില്ല : നിലമ്പൂർ**

**വിദ്യാഭ്യാസ ജില്ല : വണ്ടൂർ**

**റവന്യൂ ജില്ല : മലപ്പുറം**

**സി.ആർ.സി : ഗവൺമെന്റ് യുപിഎസ് മൈലാടി**

**ഗ്രാമപഞ്ചായത്ത്: ചാലിയാർ**

**ബ്ലോക്ക് പഞ്ചായത്ത്: നിലമ്പൂർ**

**ജില്ലാ പഞ്ചായത്ത്: മലപ്പുറം**

**നിയമസഭാ മണ്ഡലം : ഏറനാട്**

**ലോകസഭാ മണ്ഡലം : വയനാട്**

**താലൂക്ക്: നിലമ്പൂർ**

**വില്ലേജ്: അകമ്പാടം**

**ഈമെയിൽ : ghsseranhimangad@gmail.com**





# വളർച്ചയുടെ നാൾ വഴികൾ

1974 മുതൽ പാലിയാറിന്റെ ഹൃദയസ്പന്ദന സാക്ഷാത്കാരമായി വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ തെളിഞ്ഞു നിൽക്കുന്ന ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിന്റെ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം. തികച്ചും ഭൗതിക സൗകര്യങ്ങളുടെ അഭാവം മുറ്റി നിന്നിരുന്ന ഒരു കാലഘട്ടത്തിൽ നിലമ്പൂർ പഞ്ചായത്തിന്റെ കീഴിലായിരുന്ന ഈ പ്രദേശത്ത് ആകെ ഉണ്ടായിരുന്ന വിദ്യാഭ്യാസ സ്ഥാപനം എരഞ്ഞിമങ്ങാട് എൽപി /യുപി സ്കൂളുകൾ മാത്രമായിരുന്നു. തുടർപഠനത്തിന് നിലമ്പൂർ മാനവേദൻ സ്കൂളിൽ മാത്രമേ അന്ന് സാധ്യതയുണ്ടായിരുന്നുള്ളൂ. ഈ സാഹചര്യത്തിലാണ് നാട്ടിലെ വ്യക്തികളുടെ കർമ്മധീരരായ ഇടപെടൽ ഉണ്ടായത്.1960 ൽ ദേശവാസികൾ സംഘടിക്കുകയും അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. ചാക്കീരി അഹമ്മദ് കുട്ടിയെ തിരുവനന്തപുരത്ത് പോയി ആവശ്യം ഉന്നയിച്ചു. ചില ഉപാധികളോടെ സർക്കാർ സ്കൂൾ അനുവദിക്കാമെന്ന് ഏറ്റു. സ്കൂളിന് സ്ഥലം വാങ്ങാനുള്ള ധനശേഖരണം അർത്ഥം നിലമ്പൂർ രാജേശ്വരി തിയറ്ററിൽ എൻ. എൻ. പിള്ളയുടെ 'കാപാലിക' എന്ന ആക്ഷേപഹാസ്യ നാടകം പ്രദർശിപ്പിക്കുകയും ചെയ്തു. അങ്ങനെ 1974 75 ൽ മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഹൈസ്കൂളുകൾ അനുവദിക്കപ്പെട്ട കൂട്ടത്തിൽ അകമ്പാടവും ഉൾപ്പെട്ടു. ഏകദേശം ഒരു കൊല്ലത്തോളം എരഞ്ഞിമങ്ങാട് യുപി സ്കൂളിനോട് ചേർന്ന് ഒരു ഷെഡ് ഉണ്ടാക്കി അവിടെ പ്രവർത്തനം തുടർന്നു. ആദ്യത്തെ ഹെഡ്മാസ്റ്റർ മാധവൻകുട്ടി മാസ്റ്ററും പിടിഎ പ്രസിഡൻറ് ഗോവിന്ദൻ നായരും ആയിരുന്നു. സ്ഥിരമായ കെട്ടിടത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവഹിച്ചത് മന്ത്രി ശ്രീ ചാക്കിരി അഹമ്മദ് കുട്ടിയാണ് . 1980 ൽ അന്നത്തെ ഡി.ഡി. പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു ഡോക്ടർ എം ഉസ്മാൻ അധ്യക്ഷനായിരുന്നു. സ്കൂൾ ആരംഭിച്ചുവെങ്കിലും എസ്.എസ്.എൽ.സി. പരീക്ഷാകേന്ദ്രമായി മാറിയിരുന്നില്ല. പിന്നീട് അതും അനുവദിക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ എണ്ണം അധികരിച്ചപ്പോൾ താഴെയുള്ള മദ്രസ കെട്ടിടവും പരീക്ഷ നടത്തിപ്പിന് ഉപയോഗപ്പെടുത്തി. വിദ്യാർത്ഥികളുടെ എണ്ണം പിന്നെയും വർദ്ധിച്ചപ്പോൾ കെട്ടിടത്തിന്റെ ആവശ്യവും വർദ്ധിച്ചു. തുടർന്ന് കെട്ടിടത്തിന്റെ ധനശേഖരണത്തിന് വേണ്ടി 'അടിമകൾ' എന്ന നാടകം അകമ്പാടം രജനി തിയേറ്ററിൽ അവതരിപ്പിച്ചു. 8000 രൂപ അതുവഴി സമാഹരിക്കാൻ കഴിഞ്ഞു. 1979 ചാലിയാർ പഞ്ചായത്ത് നിലവിൽ വന്നു. പഞ്ചായത്തിന്റെ ധനസഹായത്തോടെ ഓട് മേഞ്ഞ ഒരു കെട്ടിടവും കൂടി നിർമ്മിച്ചു. പിന്നീട് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എം.എൽ.എം എം. പി. ഫണ്ടുകളിൽ നിന്ന് കെട്ടിടങ്ങൾ ഉയർന്നുകൊണ്ടേയിരുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി സ്കൂളിനായി അനുവദിച്ച പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം

പദ്ധതിയിലൂടെ 4.14 കോടി രൂപയുടെ കെട്ടിടം വിദ്യാലയത്തെ അക്ഷരാർത്ഥത്തിൽ ഒരു ഹൈടെക് വിദ്യാലയമാക്കി മാറ്റിയിരിക്കുകയാണ്. ലഭിക്കാനുള്ള 3.90 കോടിയുടെ കെട്ടിടവും കൂടി പൂർത്തിയായാൽ സ്കൂളിൻറെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു പരിധിവരെ പൂർണ്ണത കൈവരിക്കാൻ സാധിക്കും.



# അവസ്ഥാവിശകലനം

ജി.എച്ച്.എസ്.എസ്. എരഞ്ഞിമങ്ങാടിന്റെ ഹൈസ്കൂൾ വിഭാഗത്തിന് വിവിധ ഘട്ടങ്ങളിലായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച നൽകിയ മൂന്ന് നിലകളിലുള്ള കെട്ടിടത്തിൽ 18 ക്ലാസ് മുറികളും, പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ലഭിച്ച മൂന്നുനില കെട്ടിടത്തിൽ 8 ക്ലാസ് മുറികളും, ബഹു. ഏറനാട് എംഎൽഎ ശ്രീ പി കെ ബഷീറിന്റെ ആസ്തിവികസന വികസന ഫണ്ടിൽ നിന്ന് അനുവദിച്ച ഒരു നില കെട്ടിടത്തിൽ നാല് ക്ലാസ് മുറികളും, ബഹു. നിലമ്പൂർ എംഎൽഎ ശ്രീ ആര്യാടൻ മുഹമ്മദ് അനുവദിച്ച ഒരു നില കെട്ടിടത്തിൽ രണ്ട് ഗ്ലാസ് മുറികളുമാണ് നിലവിലുള്ളത്. എല്ലാ ക്ലാസ് മുറികളും ജനകീയ പങ്കാളിത്തോടുകൂടി സർക്കാർ നടപ്പിലാക്കിയ ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. അത്യാവശ്യം ഭേദപ്പെട്ട സൗകര്യത്തോടു കൂടി സ്റ്റാഫ് റൂം ഓഫീസ് റൂം എന്നിവ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക പരിഗണനയിൽ അത്യാധുനിക സൗകര്യത്തോടുകൂടിയുള്ള രണ്ട് കമ്പ്യൂട്ടർ ലാബുകൾ പ്രവർത്തിക്കുന്നു.
ആവവശ്യമായ ഭൗതിക സൗകര്യങ്ങൾ ഇല്ലാത്തതിനാൽ എല്ലാ വിഷയങ്ങൾക്കും സൗകര്യപ്രദമായ ലാബ്, ലൈബ്രറി & റീഡിങ് റൂം, എസ്.പി.സി & ജെ ആർ സി റൂം, കൗൺസിലിംഗ് റൂം, ഫസ്റ്റ് എയ്ഡ് റൂം, ആർട്ട് റൂം, ഗേൾസ് ഫ്രണ്ട്ലി റസ്റ്റ് റൂം, ലാംഗ്വേജ് റൂം, മീറ്റിംഗ് ഹോൾ, കിച്ചൻ, സ്റ്റോക്ക് റൂം, ഉച്ചഭക്ഷണ ഹാൾ എന്നിവ വളരെ പരിമിതമായ സൗകര്യത്തിലാണ് നടന്ന് വരുന്നത്.

ബഹു. ഏറനാട് എംഎൽഎ ശ്രീ പി കെ ബഷീറിന്റെ പ്രത്യേക താൽപര്യത്തിൽ കേരള സർക്കാർ അനുവദിച്ച 3 കോടി 90 ലക്ഷം രൂപയുടെ കിഫ്ബി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരണത്തോടുകൂടി ചാലിയാർ ഗ്രാമപഞ്ചായത്തിലെ ഏക ഹയർസെക്കൻഡറി സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ കുറവുകൾ അല്പമെങ്കിലും പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നിലവിലെ ഹൈസ്കൂൾ അധ്യാപകരുടെയും മുൻ അദ്ധ്യാപകരുടെയും സാമ്പത്തിക സഹായം കൊണ്ടും 2023 - '24 അദ്ധ്യാനവർഷത്തിലെ എസ്എസ്എൽസി വിദ്യാർത്ഥികളുടെ സാമ്പത്തിക സഹായം കൊണ്ടും സ്കൂൾ ഫണ്ടിൽ നിന്നും ലഭ്യമായ സഹായം കൊണ്ടും നടപ്പിലാക്കാൻ തീരുമാനിച്ച ക്ലാസ് റൂം പബ്ലിക് അഡ്രസ്സിങ്

സിസ്റ്റത്തിന്റെ പ്രവർത്തനവും, ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് സ്കൂൾ ഗ്രൗണ്ടിന്റെ ചുറ്റമതിലിന്റെയും സ്കൂളിൽ നിന്നും ഗ്രൗണ്ടിലേക്ക് ഹയർസെക്കൻഡറി കെട്ടിടത്തിന്റെ മധ്യത്തിലൂടെയുള്ള വഴിയുടെ നിർമ്മാണം നടന്നുവരുന്നു.

ഇവക്കെല്ലാം പുറമേ ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സഹായത്തോടുകൂടി അത്യാവശ്യമായി നടപ്പിലാക്കണമെന്ന് ആഗ്രഹിക്കുന്ന സ്കൂളിന്റെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയതുമായ പദ്ധതികൾ താഴെ ചേർക്കുന്നു.

1) ജില്ലാ പഞ്ചായത്ത് പല ഘട്ടങ്ങളിൽ നിർമ്മിച്ച മൂന്ന് നില കെട്ടിടത്തിൽ മൂന്ന് നിലയിലേക്കും അറ്റാച്ച് ചെയ്ത് കൊണ്ട് നിർമ്മിക്കേണ്ട ബോയ്സ് യൂറിനൽ ബ്ലോക്ക് പദ്ധതി.

2) ബഹു. നിലമ്പൂർ എംഎൽഎ ശ്രീ ആര്യാടൻ മുഹമ്മദിന്റെ ആസ്ഥി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും ഇപ്പോൾ സ്റ്റാഫ് റൂം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിലെ ടിൻ ഷീറ്റ് മാറ്റി RCC കെട്ടിടമാക്കി പുനസ്ഥാപിക്കുക.

3) ഓപ്പൺ സ്റ്റേജ്


4) ഹൈസ്കൂൾ ഗേറ്റ് നിർമ്മാണം.

5) സ്മാർട്ട് ക്ലാസ് റൂമുകളിൽ പവർകട്ട് പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനു വേണ്ടി സോളാർ പ്രൊജക്റ്റ്. & CCTV

6) സ്കൂൾ അസംബ്ലി മുറ്റം കട്ടവരിക്കൽ

7) ബഹു. ഏറനാട് എംഎൽഎ ശ്രീ പി കെ ബഷീറിന്റെ ആസ്തി വികസന ഫണ്ട് കൊണ്ട് ഉപയോഗിച്ച ബിൽഡിങ്ങിന്റെ മുകളിലായി കോൺഫ്രൻസ് ഹാൾ , പബ്ലിക് ലൈബ്രറി & റീഡിങ് റൂം.

8) ഓൾഡ് ബിൽഡിംഗ് പ്രൊട്ടക്ഷൻ ഫില്ലർ & സേഫ്റ്റി വാൾ.



# ടീം ജി എച്ച് എസ് എസ് എരഞ്ഞിമങ്ങാടിന് കരുത്തുപകരുന്ന അധ്യാപക രക്ഷാകർതൃ കൂട്ടായ്മ

ഹാരിസ് ആട്ടീരി ( പി ടി എ പ്രസിഡൻറ്)

സൂര്യപ്രകാശ് (എസ് എം സി ചെയർമാൻ)

ദിപാ നാഥൻ ( എം ടി എ പ്രസിഡൻ്റ്)

മുജീബ് റഹ്മാൻ പുലത്ത് (പ്രിൻസിപ്പാൾ )

റോഷ്നി ജോ (ഹെഡ് മിസ്ട്രസ്)

അസ്കർ യു (പി ടി എ വൈസ് പ്രസിഡൻ്റ്)

വിശ്വനാഥൻ (എസ് എം സി വൈസ് ചെയർമാൻ)

ബിനിത ഗിരീഷ് (എം ടി എ വൈസ് പ്രസിഡൻ്റ്)

## അംഗങ്ങൾ

ഷാനവാസ് കളത്തിൽ

ഹാരിസ് എം കെ

ശശി പി

റഹിം പോന്നാങ്കടവൻ

സനോജ് ടി

ഹാരിസ് പിടി

ഷാനബോസ്

അഖില

മുജിബ് സി പി

ജംഷീത കെ പി

ജയൻ

ജസ്ന വി പി

ഷീജ

സുബിന എ

സുധീന എ

സഫൂറ

ഷാനവാസ് പിടി

സന്തോഷ്

മുജീബ് റഹ്മാൻ കാട്ടുമുണ്ട

അബ്ദുള്ള

മുഹമ്മദ് റസാക്ക് കെ (HSST)

സറീന കെ പി (HSST)

പ്രശാന്ത് പി (HSST)

റിയാസ് ബാബു എ (HSST)

സ്റ്റീഫൻ ചാണ്ടി HST (സീനിയർ അസിസ്റ്റൻ്റ് )

മുഹമ്മദ് ഷാഫി പി HST(സ്റ്റാഫ് സെക്രട്ടറി)

റഷീദ് എ HST (വിജയഭേരി കോഡിനേറ്റർ)

സജേഷ് HST(എസ് പി സി സിപിഒ)

വിനോജ് പിസി HST,ഹസീന ഇ HST (എസ്എംസി മെമ്പേഴ്സ് )

# മികവിന്റെ നിറവിലേയ്ക്ക് ഈ പൊതുവിദ്യാലയത്തെ നയിക്കുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും

## HEADMISTRESS

റോഷ്നി ജോ

## TEACHING STAFF

സ്റ്റീഫൻ ചാണ്ടി ( HST ENGLISH)

ജോഷി കെ വി ( HST ENGLISH)

ആരതി പി (HST ENGLISH)

ശ്രീജിത കെ (HST ENGLISH)

സജേഷ് എ (HST MALAYALAM)

രഞ്ജിനി എസ് (HST MALAYALAM)

ദീപ ജി പി (HST MALAYALAM)

ദിവ്യ എ (HST MALAYALAM)

റഷീദ് എ (HST ARABIC)

ഫൈസൽ പി (HST ARABIC)

പൊന്നമ്മ പി കെ (HST HINDI)

ബിജി കെ (HST HINDI)

സജിത ടി സദാനന്ദ്(HST HINDI)

മുഹമ്മദ് ഷാഫി പി (HST SOCIAL SCIENCE)

ഷീജ കെ എം(HST SOCIAL SCIENCE)

സജീ വി എ (HST SOCIAL SCIENCE)

മുംതാസ് ബീഗം (HST SOCIAL SCIENCE)

മുഹമ്മദ് ഫാസിൽ(HST SOCIAL SCIENCE)

ഹസീന. ഇ. ( HST PHYSICAL SCIENCE)

മോളി പി (HST PHYSICAL SCIENCE)

ഗായത്രി എം ( PHYSICAL SCIENCE)

നീരജ വിജയൻ (HST PHYSICAL SCIENCE)

വിജിഷ്ഷല വലിയപറമ്പിൽ ( HST MATHEMATICS)

രമ്യ ആർ ഐ.( HST MATHEMATICS)

റഫീഖ് പി (HST MATHEMATICS)

സുജ ബി (HST MATHEMATICS)

പ്രസന്നകുമാരിയമ്മ എസ് (HST MATHEMATICS)

രാഖി ആർ (HST NATURAL SCIENCE)

ആതിര ഗോപി (HST NATURAL SCIENCE)

ദീപ ഡി.

(HST NATURAL SCIENCE)

വിനോജ് പി സി. (HST PHYSICAL EDUCATION)

ജിജി ഡി. എ ൽ. (HST NEEDLE WORK TEACHER)

ദിപിൻ എ പി (HST DRAWING TEACHER)

സ്വപ്ന (SPECIAL EDUCATOR )

ജിഷ മേരി തോമസ് (COUNSELLOR )

## NON TEACHING STAFF

നിസ്സാം കെ (CLERK)

വിനോദ് കെ എ (OFFICE ATTENDANT)

സെലീന എം (OFFICE ATTENDANT)

ബാബു പി (FTM)

സുജ കെ ആർ (FTM)

# ചുമതലകൾ 2025 - 2026

റോഷ്നി ജോ- ഹെഡ്‌ മിസ്ട്രസ്

സീനിയർ അസിസ്റ്റന്റ് - സ്റ്റീഫൻ ചാണ്ടി

സ്റ്റാഫ് സെക്രട്ടറി - മുഹമ്മദ് ഷാഫി. പി.

എസ് ആർ ജി കൺവീനർ - ജോഷി. കെ. വി.

വിജയഭേരി കോഡിനേറ്റർ - റഷീദ്. എ.

പരീക്ഷകൾ - സ്റ്റീഫൻ ചാണ്ടി, ആരതി പി, ഫൈസൽ പി.

ടെക്സ്റ്റ് ബുക്ക് - ഫൈസൽ പി

നൂൺ മീൽ - സജീം. വി. എ., ദീപ. ഡി.

സ്കൂൾ ബസ് - ഹസീന. ഇ, ആരതി. പി, ശ്രീജിത. സി. കെ.

SITC - റഫീഖ്. പി.

JSITC - രാഖി. ആർ.

കലാമേള - ഫൈസൽ. പി.,പൊന്നമ്മ. പി. കെ. ആതിര ഗോപി, ദിവ്യ. എ.

കായികമേള -വിനോജ്. പി. സി.

സ്കോളർഷിപ്പ് - ഫൈസൽ. പി., വിജീഷ്ല.വി.

വിജയസ്പർശം/ ശ്രദ്ധ -സജിത ടി. സദാനന്ദ്, രമ്യ. ആർ. ഐ.

വിദ്യാരംഗം കലാസാഹിത്യ വേദി - ദീപ. ജി. പി.

ലാബ് (സയൻസ്) -ഹസീന. ഇ.

ലൈബ്രറി - ശ്രീജിത. സി. കെ.

ശാസ്ത്ര സാമൂഹ്യശാസ്ത്രമേളകൾ -സജീം വി എ

പ്രവർത്തി പരിചയമേള - ജിജി ഡി എൽ, ഡിബിൻ എ പി

ഗാന്ധി ദർശൻ - സജിത ടി. സദാനന്ദ്

പഠനയാത്ര - വിനോജ്. പി. സി., മുംതാസ് ബീഗം. കെ.

അഡ്മിഷൻ പ്രൊസീജിയർ- സ്റ്റീഫൻ ചാണ്ടി, ഫൈസൽ. പി. ആരതി. പി, ദിവ്യ. എ.

അസംബ്ലി- വിനോജ്. പി. സി.

NMMS- ആതിര ഗോപി, നീരജവിജയൻ, ഗായത്രി. എം

# ക്ലബ്ബ് ചാർജസ്

സയൻസ് ആൻഡ് നാച്ചറൽ ക്ലബ് - ആതിരാ ഗോപി

മാത്സ് ക്ലബ് - സുജ. ബി.

സോഷ്യൽ സയൻസ് ക്ലബ് - മുഹമ്മദ് ഫാസിൽ. കെ.

ഇംഗ്ലീഷ് ക്ലബ് - ശ്രീജിത. സി. കെ.

എനർജി ക്ലബ്ബ് - ഹസീന. ഇ.

ലഹരി വിരുദ്ധ ക്ലബ്ബ് - സജിത ടി. സദാനന്ദ്, വിനോജ്. പി. സി.

ഹെൽത്ത് ക്ലബ്ബ് - ദീപ. ഡി, വിനോജ്. പി. സി

സബ്ജക്ട് കൗൺസിൽ കൺവീനേഴ്സ്

മലയാളം -സജേഷ്. എ.

അറബിക് - ഫൈസൽ. പി.

ഇംഗ്ലീഷ് -ആരതി. പി.

സോഷ്യൽ സയൻസ് - മുംതാസ് ബീഗം. കെ.

ഫിസിക്സ് - നീരജവിജയൻ

കെമിസ്ട്രി -ഹസീന. ഇ.

ബയോളജി - രാഖി. ആർ.

IT - റഫീഖ്. പി.

ഹിന്ദി -സജിത. ടി. സദാനന്ദ്.

മാത്തമാറ്റിക്സ് - പ്രസന്നകുമാരിയമ്മ. എസ്.

## അച്ചടക്ക കമ്മറ്റി

കൺവീനർ - വിനോജ്. പി.സി.

മെമ്പേഴ്സ് - സ്റ്റീഫൻ ചാണ്ടി, ജോഷി. കെ. വി, മുഹമ്മദ് ഷാഫി. പി.,സജേഷ്. എ, ഹസീന. ഇ, ആരതി. പി, ഷീജ. കെ. എം. ബിജി. കെ.

**എസ് പി സി** - സജേഷ് എ, ഷീജ കെ. എം.

**ജെ ആർ സി** -ബിജി കെ , ജോഷി കെ. വി.

**Little Kites** - റഫീഖ്. പി,രാഖി. ആർ.

## പിടിഎ/ എസ്എംസി എക്സിക്യൂട്ടീവ് മെമ്പേഴ്സ്

റോഷ്നി ജോ (ഹെഡ്മിസ്ട്രസ്)

സ്റ്റീഫൻ ചാണ്ടി (സീനിയർ അസിസ്റ്റന്റ് )

മുഹമ്മദ് ഷാഫി പി (സ്റ്റാഫ് സെക്രട്ടറി)

റഷീദ് എ (വിജയഭേരി കോഡിനേറ്റർ)

സജേഷ് (എസ് പി സി സിപിഒ)

വിനോജ് പിസി ,ഹസീന ഇ (എസ്എംസി മെമ്പേഴ്സ് )

## ഇലക്ട്രിക്കൽ പ്ലംബിംഗ് ആൻഡ് മെയിന്റനൻസ് കമ്മിറ്റി

സ്റ്റീഫൻ ചാണ്ടി ,റഷീദ് എ,വിനോദ് കെ. എ,നിസാം. കെ,ഫൈസൽ പി, റഫീഖ് പി.

# BELL TIMING

| MONDAY-THURSDAY | | |
|---|---|---|
| FIRST BELL | 9.35 | |
| SECOND BELL | 9.40 | |
| PRAYER | 9.45 | |
| PERIOD 1 | 9.45 | 10.30 |
| PERIOD 2 | 10.30 | 11.15 |
| INTERVAL | 11.15 | 11.25 |
| PERIOD 3 | 11.25 | 12.10 |
| PERIOD 4 | 12.10 | 12.55 |
| LUNCH BREAK | 12.55 | 1.55 |
| PERIOD 5 | 1.55 | 2.40 |
| PERIOD 6 | 2.40 | 3.25 |
| INTERVAL | 3.25 | 3.30 |
| PERIOD 7 | 3.30 | 4.10 |
| NATIONAL ANTHEM | | 4.10 |

| FRIDAY | | |
|---|---|---|
| FIRST BELL | 9.10 | |
| SECOND BELL | 9.12 | |
| PRAYER | 9.15 | |
| PERIOD 1 | 9.15 | 10.05 |
| PERIOD 2 | 10.05 | 10.45 |
| INTERVAL | 10.45 | 10.55 |
| PERIOD 3 | 10.55 | 11.35 |
| PERIOD 4 | 11.35 | 12.15 |
| LUNCH BREAK | 12.15 | 1.55 |
| PERIOD 5 | 1.55 | 2.40 |
| PERIOD 6 | 2.40 | 3.25 |
| INTERVAL | 3.25 | 3.30 |
| PERIOD 7 | 3.30 | 4.10 |
| NATIONAL ANTHEM | | 4. 15 |

# SRG [SCHOOL RESOURCE GROUP]

സ്ഥാപനതലത്തിൽ കൃത്യതപ്പെടുത്തി നടപ്പിലാക്കേണ്ട സംഘപ്രവർത്തനത്തെ വേറിട്ടരീതിയിൽ നടപ്പിലാക്കുന്നതെങ്ങിനെയെന്ന് ചർച്ച ചെയ്യുക മാറിയ സാഹചര്യത്തിൽ കൂടുതൽ കൃത്യമായും വ്യക്തമായും സർഗ്ഗാൽകമായും അക്കാദമിക പ്രവർത്തനങ്ങളെ ഏറ്റെടുക്കാൻ ഇത് സഹായിക്കും

## എന്താണ് SRG

വിദ്യാലയത്തിലെ എല്ലാ കുട്ടികളേയും പഠന നേട്ടത്തിനുടമയാക്കുന്ന രീതിയിൽ സ്കൂളുകളിലുണ്ടാകേണ്ട അധ്യാപകരുടെ അക്കാദമിക കൂട്ടായ്മ. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന അക്കാദമിക് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിദ്യാലയത്തിൽ കൃത്യമായും ചിട്ടയായും നടപ്പിൽവരുത്തേണ്ട ആസൂത്രണസംവിധാനമാണ് സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG).

## SRG ലക്ഷ്യങ്ങൾ

- ➔ ഓരോ അധ്യാപകന്റേയും ക്ലാസ് മുറിയിലെ മികവുകളും, പരിമിതികളും പങ്കുവെക്കുവാനുള്ള അക്കാദമിക ഇടമാരുക്കുക.
- ➔ നിലവിലുള്ള പഠന മികവു രേഖ / മറ്റു ഉപാധികൾ /സ്കൂൾ തലത്തിൽ വികസിപ്പിച്ചവ എന്നിവ പ്രകാരം ഓരോ കുട്ടിയുടേയും കൃത്യമായ നിലവാര നിർണയം നടത്തുക.
- ➔ അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർവഹണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- ➔ സ്കൂൾതല / ക്ലാസ് തല അക്കാദമിക പ്രശ്നങ്ങൾ, പരിമിതികൾ എന്നിവ മറികടക്കാൻ കൂട്ടായ്മയിലൂടെ പരിഹാരം കാണുക
- ➔ നിരന്തര മൂല്യനിർണയ രീതികൾ വികസിപ്പിക്കുക.
- ➔ നിരന്തരമായ അധ്യാപകനൈപുണി വികസനത്തിനായുള്ള അവസരങ്ങൾ സൃഷ്ടിക്കുക
- ➔ എല്ലാ ക്ലാസ് മുറികളിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ➔ പാഠ്യപദ്ധതി മുന്നോട്ടു വെക്കുന്ന ജനാധിപത്യപരമായ ആസൂത്രണ സംസ്കാരം സ്ഥാപനത്തിൽ സജീവമാക്കുക.

## SRG ഘടന

- ➢ ചെയർപേഴ്സൺ - പ്രഥമാധ്യാപിക
- ➢ സംഘാടന ചുമതല - SRG കൺവീനർ
- ➢ അംഗങ്ങൾ - എല്ലാ അധ്യാപകരും
- ➢ SRG കൺവീനർമാരുടെ ചുമതലകൾ
- ➢ SRG തീയതി, അജണ്ട തീരുമാനിക്കൽ, അറിയിപ്പ് നൽകൽ
- ➢ അജണ്ടയിൽ കൂട്ടി ചേർക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ HM, അധ്യാപകർ എന്നിവരോട് ആരായുക
- ➢ തൊട്ടു മുൻപിൽ നടന്ന SRG യിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ അവലോകനം
- ➢ സബ് ജില്ല/വിദ്യാഭ്യാസ ജില്ലാ അവലോകന യോഗങ്ങളിൽ പങ്കെടുത്ത അനുഭവങ്ങൾ / നടന്ന ചർച്ചകൾ പങ്കുവെക്കൽ
- ➢ സ്കൂളിന്റെ അക്കാദമിക മികവുകൾ പൊതു സമൂഹം / നവ മാധ്യമങ്ങൾ എന്നിവയുമായി പങ്കിടുക.
- ➢ വിദ്യാലയത്തിന്റേതായ ഒരു SRG മാതൃകക്കായി നേതൃത്വം നൽകുക.

# SRG യിൽ നടക്കേണ്ടത്.

1. പ്രഥമാധ്യാപകൻ, പ്രിൻസിപ്പാൾ, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെയും നേതൃത്വത്തിൽ കോർ ഗ്രൂപ്പ് യോഗം നടത്തണം

2. രണ്ടാഴ്ചയിൽ ഒരിക്കൽ (ശനിയാഴ്ച) പകുതി ദിവസം എസ്.ആർ.ജിക്കായി നീക്കി വയ്ക്കണം. SRG യിൽ അക്കാദമിക ചർച്ചകൾക്കാകണം പ്രാധാന്യം.

3. ഓരോ SRG യിലും പ്രതിവാര കലണ്ടർ രൂപപ്പെടുത്തുക

4. ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി തന്നെ ദിനാചരണങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവക്കുള്ള ഇടം സ്കൂൾ കലണ്ടറിൽ ഉൾപ്പെടുത്തുക.

5. ദൈനംദിന ആസൂത്രണത്തിനുവേണ്ടി സമയം കണ്ടെത്തുന്നതിന് പുറമെയുള്ള അക്കാദമിക കൂടിയിരിപ്പാണ് SRG യുടെ ഭാഗമായി നടക്കേണ്ടത്.

6. SRG യിൽ അവതരിപ്പിച്ച അക്കാദമിക കാര്യങ്ങളുടെ സൂക്ഷ്മാസൂത്രണത്തിനു വേണ്ടി സബ്ജക്ട്കൗൺസിലുകളും ചേരേണ്ടതാണ്.

7. ഹൈസ്കൂൾ തലത്തിൽ വിവിധ വിഷയങ്ങളുടെ സബ്ജക്ട് കൗൺസിൽ ആഴ്ചയിൽ നടത്തുകയും പഠനപ്രവർത്തനങ്ങളുടെ അവലോകനം, അധികപ്രവർത്തനങ്ങളുടെ കണ്ടെത്തൽ, പഠനപ്രശ്നങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യുകയും വേണം.

8. വിജയഭേരി വിജയസ്പർശം പദ്ധതികളുടെ നിർവ്വഹണം വിദ്യാലയത്തിലെ എല്ലാകുട്ടികളെയും പഠനനേട്ടത്തിന് ഉടമകളാക്കുന്ന നൂതനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ വിലയിരുത്തൽ.

പ്രധാനാധ്യാപകന്റെ അക്കാദമിക് കാര്യങ്ങളുടെ റിപ്പോർട്ടിംഗ്, അവലോകനം, വിഷയ സമിതി റിപ്പോർട്ടിംഗ്, ചർച്ച അടുത്ത ആഴ്ചയിൽ നടക്കേണ്ട. പഠനപ്രവർത്തനങ്ങളുടെ അവതരണം മറ്റ് അക്കാദമിക് കാര്യങ്ങളുടെ തീരുമാനങ്ങൾ എസ് ആർ ജി കൂടുന്നതിനുള്ള ആലോചനകൾ എന്നിവ നടക്കേണ്ടതുണ്ട്.

10 സ്കൂൾ അക്കാദക പ്രവർത്തനങ്ങൾ പി.ടി.എ മീറ്റിങ്ങുകളിൽ പങ്കുവെക്കുക.

11 മാസാന്ത്യ കൂടിയിരുപ്പ് സ്കൂൾ മികവുകൾ വിദ്യാഭ്യാസ ജില്ല ഉപജില്ലാ തല കൂടിയിരുപ്പുകളിൽ പങ്കുവെക്കുക. പരിഹാരം കാണേണ്ട പരിമിതികൾ ചർച്ച ചെയ്യുക

- മുൻആഴ്ചയിലെ SRG യുടെ പ്രവർത്തനാവലോകനം
- ഓരോ കുട്ടിയുടേയും പഠന നിലവാരം ചർച്ച ചെയ്യുന്നു.
- പഠന ഉപകരണങ്ങളുടെ/ ടെക്നോളജിയുടെ സാധ്യതകൾ ചർച്ച നടത്തുന്നു.
- ക്ലാസ് ആസൂത്രണ രേഖ പഠനസാമഗ്രികൾ തയ്യാറാക്കുന്നു. (കരട്)
- പ്രഥമാധ്യാപകൻ ക്ലാസ് നിരീക്ഷണത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- നിരന്തര വിലയിരുത്തലിന്റെ സാധ്യത ഏറ്റെടുക്കേണ്ടതെങ്ങിനെയെന്നു ചർച്ച.
- വിദ്യാലയത്തിന്റെ സാഹചര്യത്തിനനുസരിച്ച് കുട്ടികൾക്കുള്ള മാനസിക പിരിമുറുക്കം, രക്ഷിതാക്കളുടെ ഇടപെടലുകൾ എന്നിവയുമായി ബന്ധപ്പെട്ട അവതരണങ്ങൾ
- വിദ്യാലയങ്ങളിലെ കുട്ടികൾ പഠന കേന്ദ്രങ്ങളിൽ പോകുന്നുണ്ടെങ്കിൽ അധ്യാപകരുടെ സാന്നിധ്യം ഉറപ്പാക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾ അവിടെ നിന്നു ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നു.
- SRG ചർച്ചകളുടെ ഗുണാത്മക റിപ്പോർട്ട് തയ്യാറാക്കുന്നു.

### റിപ്പോർട്ടിൽ ഉൾപെടുത്തേണ്ടത്

റിപ്പോർട്ടിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾച്ചേർത്ത് കൂടുതൽ സർഗ്ഗാത്മകമായി തയ്യാറാക്കാവുന്നതാണ് :

തിയ്യതി പങ്കെടുത്തവർ

പ്രധാന അധ്യാപകന്റെ റിപ്പോർട്ടിംഗ് വിവരങ്ങൾ (പൊതുവായും ക്ലാസ് അടിസ്ഥാനത്തിലുമുള്ള നിരീക്ഷണങ്ങൾ)

മുൻ യോഗത്തിനു ശേഷം നടന്ന പ്രവർത്തനങ്ങളുടെ ക്ലാസ് / വിഷയം തിരിച്ചുള്ള അവതരണത്തിന്റേയും ചർച്ചയുടേയും പ്രസക്തഭാഗങ്ങൾ

കൺവിനറുടെ അഭിപ്രായക്കുറിപ്പ്

തൊട്ടടുത്ത ആഴ്ച വിദ്യാലയത്തിൽ നടക്കേണ്ട അക്കാദമിക പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന്റെ വിശദാംശങ്ങൾ (ക്ലാസ്, പഠന ലക്ഷ്യം, പഠന പ്രവർത്തനം ഉൽപ്പന്നം, വിലയിരുത്തൽ എന്നീ ക്രമത്തിൽ ഓരോരുത്തരുടേയും അവതരണത്തിന്റെ ഉള്ളടക്കം ദിനാചരണ പ്രവർത്തനാസൂത്രണ വിവരങ്ങൾ

(അധ്യാപകരുടെ തൊഴിൽ പരമായ വികസനവുമായി ബന്ധപ്പെട്ട് എസ്.

ആർ.ജി നടപ്പിലാക്കിയ പ്രവർത്തനങ്ങളും, അധ്യാപകർക്ക് സർക്കാർ തലത്തിൽ ഏറ്റെടുക്കാവുന്നവ രേഖപ്പെടുത്തുന്നത് അക്കാദമിക പ്രവർത്തനങ്ങൾക്ക് കരുത്ത് പകരും.)

## വിജയഭേരി

സമഗ്രമായ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി മലപ്പുറം ജില്ലാ പഞ്ചായത്ത് നടപ്പാക്കിവരുന്ന വിദ്യാഭ്യാസ പദ്ധതിയാണ് വിജയഭേരി. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണയും പരിശീലനവും നൽകി നിലവാരം ഉയർത്തിക്കൊണ്ടു വരികയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കി വരുന്നത്.അധ്യായന വർഷത്തിന്റെ ആദ്യത്തിൽ തന്നെ നടത്തുന്ന ബെയ്സ് ലൈൻ ടെസ്റ്റിലൂടെയാണ് കുട്ടികളുടെ നിലവാരം കണ്ടെത്തുന്നത്. മലയാളം ,ഇംഗ്ലീഷ് ,ഹിന്ദി, കണക്ക് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് ബേസ് ലൈൻ ടെസ്റ്റ് നടത്തുന്നത്. ഈ വർഷവും 100 മേനിയും 100 എ പ്ലസും ലക്ഷ്യമിട്ട കൊണ്ടാണ് പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. ബേസ് ലൈൻ ടെസ്റ്റിലൂടെ കണ്ടെത്തിയ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകാനും,മികവ് പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകി മികച്ച വിജയം നേടാനും ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു. ജൂലൈ ഒന്നു മുതൽ മുഴുവൻ കുട്ടികൾക്കും ക്ലാസുകൾ നടത്താനും, യൂണിറ്റ് ടെസ്റ്റുകൾ കൃത്യമായി നടത്താനും നിലവാരം വിലയിരുത്തി ആവശ്യമായ പിന്തുണ നൽകാനായി സി പി ടി എ വിളിച്ച് ,രക്ഷിതാക്കൾക്കുള്ള മോട്ടിവേഷൻ ക്ലാസ് നൽകാനും തീരുമാനിച്ചിട്ടുണ്ട് ഇതിന്റെ ഭാഗമായി മുഴുവൻ കുട്ടികളുടെയും വീട് സന്ദർശിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.







# ശ്രദ്ധ

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പിന്തുണ നൽകാൻ പൊതുവിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ശ്രദ്ധ. 8,9 ക്ലാസ്സുകളിലെ പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്ന വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം, ശാസ്ത്രം



എന്നീ വിഷയങ്ങളിലാണ് ശ്രദ്ധ പദ്ധതിയിലൂടെ പഠന പിന്തുണ നൽകുന്നത്. ക്ലാസ്സ് തലത്തിൽ പരീക്ഷകൾ നടത്തി മാർക്കിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് അധ്യാപകർ നിർദ്ദേശിച്ച കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങൾക്ക് സബ്ജക്ട് കൗൺസിൽ കൂടി നിലവിലെ മൊഡ്യൂൾ അനുസരിച്ച് അതാതുവിഷയങ്ങളുടെ അധ്യാപകർ ക്ലാസുകൾ കൈകാര്യം ചെയ്യാൻ തീരുമാനിച്ചു. കുട്ടികൾക്ക് ആവശ്യമായ പഠന സാമഗ്രികളും റിഫ്രഷ്മെന്റും നൽകുന്നു പുരോഗതി വിലയിരുത്താൻ മാസത്തിലൊരിക്കൽ പരീക്ഷകൾ നടത്തുന്നു കൃത്യമായ മൂല്യനിർണയം നടത്തി കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു. കുട്ടികൾക്ക് അടിസ്ഥാന പഠന ശേഷി ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കലാണ് പദ്ധതിയുടെ ലക്ഷ്യം.






# വിജയസ്പർശം

മലപ്പുറം ജില്ല പഞ്ചായത്ത് 8,9 ക്ലാസ്സുകളിൽ പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി നടപ്പിലാക്കിയ പദ്ധതി ആണ് വിജയസ്പർശം.

2023-24 അധ്യയന വർഷത്തിൽ, മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രീടെസ്റ്റ് നടത്തി പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി ഡിയറസ്റ്റ് സ്റ്റുഡന്റ്സ് എന്ന പരിഗണന നൽകി കുട്ടികൾക്ക് മേല്പറഞ്ഞ വിഷയങ്ങൾക്ക് ക്ലാസുകൾ നൽകുകയും, 2024 ഫെബ്രുവരിയിൽ വിജയസ്പർശം ഏക ദിന ക്യാമ്പ് നടത്തുകയും പോസ്റ്റ് ടെസ്റ്റ് നടത്തി വിലയിരുത്തൽ നടത്തുകയും ചെയ്തു. 2025- 26 അധ്യയനവർഷം ജൂണിൽ വിജയസ്പർശം ഡിയറസ്റ്റ് കുട്ടികളെ കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുകയും വിലയിരുത്തൽ നടത്തുകയും ചെയ്തു കൊണ്ട് വിജയസ്പർശം പദ്ധതി തുടരുന്നു.



# ഇൻക്ലൂസിവ് എഡ്യൂക്കേഷൻ

**1. ലക്ഷ്യം**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകളും പരിമിതികളും മനസ്സിലാക്കി അവരെ മുഖ്യധാരയിലേക്ക് എത്തിക്കുക

**പ്രവർത്തനം**

കുട്ടിയെ വ്യക്തിഗതമായി അസ്സെസ്മെന്റ് ചെയ്തു കുട്ടികളുടെ പരിമിതിക്കുമനുസരിച്ചുള്ള പഠനപ്രവർത്തനങ്ങൾ നൽകി കഴിവിനും പഠനം ലളിതവും ആസ്വാദ്യകരവും ആക്കുക ഇതിനായി വിവരസാങ്കേതികവിദ്യ കൂടുതൽ ഉപയോഗിക്കുന്നു

ചുമതല

അധ്യാപകർ, സ്പെഷ്യൽ എജ്യുക്കേറ്റർ

**2. ലക്ഷ്യം**

സർഗ്ഗശേഷി പരിപോഷിപ്പിക്കുക കഴിവുകൾക്ക് അർഹമായ അംഗീകാരം കൊടുക്കുക

പ്രവർത്തനം

കുട്ടികളുടെ പാദതര കഴിവുകൾ കണ്ടെത്തി മോരുത്തർക്കും അനുയോജ്യമായ പരിശീലനം കൊടുക്കുന്നു. സ്കൂൾതല കലോത്സവങ്ങളിൽ അവരെയും പങ്കാളികളാക്കുന്നു

**ചുമതല**

കലാ കായിക പ്രവർത്തിപരിചയ ചുമതലയുള്ള അധ്യാപകർ, സ്പെഷൽ എജ്യുക്കേറ്റർ

**3. ലക്ഷ്യം**

നിത്യജീവിതത്തിൽ അത്യാവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങൾ കണ്ടു മനസ്സിലാക്കുകയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയും ചെയ്യുക.

**പ്രവർത്തനനം**

ബാങ്ക്,പോസ്റ്റ് ഓഫീസ്, പോലീസ് സ്റ്റേഷൻ, ഹയർ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു

**ചുമതല**

ക്ലാസ് അധ്യാപകൻ, മറ്റ് അധ്യാപകർ, സ്പെഷ്യൽ എജ്യൂക്കേറ്റർ

**4. ലക്ഷ്യം**

സ്കൂളിലെ ഭൗതിക സാഹചര്യം ഭിന്നശേഷി കുട്ടിക്ക് അനുയോജ്യമായ രീതിയിൽ മെച്ചപ്പെടുത്തുക

**പ്രവർത്തനം**

സ്കൂളിലെ എല്ലാ കെട്ടിടങ്ങളിലേക്കും റാമ്പ് സൗകര്യം ഒരുക്കുക സ്കൂളിൽ ഒരു ഭിന്നശേഷി സൗഹൃദ ശുചിമുറി എങ്കിലും ഉറപ്പാക്കുക

**5. ലക്ഷ്യം**

ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

**പ്രവർത്തനം**

സ്കൂളിൽ വരാൻ കഴിയാതെ കിടപ്പിലായ ഭിന്നശേഷി കുട്ടികളുടെ വീട്ടിൽ ആഴ്ചയിൽ ഒരു ദിവസം പോയി ആവശ്യമായ പിന്തുണ നൽകുന്നു.

**ചുമതല**

സ്പെഷ്യൽ എജ്യൂക്കേറ്റർ

ആഘോഷാവസരങ്ങളിൽ സ്കൂളിലെ പ്രധാനാധ്യാപിക, മറ്റ് അധ്യാപകർ, സ്പെഷ്യൽ എജ്യൂക്കേറ്റർ വാർഡ് മെമ്പർ തുടങ്ങിയവർ ഉൾപ്പെടുന്ന സംഘം കുട്ടികളുടെ വീട് സന്ദർശിച്ച് സമ്മാനങ്ങളും മറ്റും നൽകുന്നു.







# കായികം

## ആരോഗ്യ കായിക മേഘലയിൽ ഒരുപിടി പ്രതീക്ഷയുമായി ജിഎച്ച്എസ്സ്എസ്സ് എരഞ്ഞിമങ്ങാട് സ്കൂൾ

കോവിഡ് കാലഘട്ടത്തിന് ശേഷം കുട്ടികൾ ഗൗണ്ടിൽ ഇറങ്ങുന്നത് കുറഞ്ഞിരുന്നു. ശേഷമുള്ള നാളുകൾ ഒരുപിടി പ്രതീക്ഷയാണുള്ളത്. സ്കൂളിൽ പഠനത്തോടൊപ്പം കുട്ടികൾ ആരോഗ്യത്തെക്കുറിച്ചും, കളികളിലൂടെ ശാരീരികവും, മാനസികവും, സാമൂഹികവും, വൈകാരികമായും വളർച്ച കൈവരിക്കേണ്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ആരോഗ്യകായിക വിദ്യാഭ്യാസം കുട്ടികളിലെത്താൻ ആവശ്യമായ മികച്ച പാഠപുസ്തകം, ഇതിലൂടെ മേജർ ഗെയിമുകളായ ഫുട്ബോൾ, ഖൊ-ഖൊ, ബാഡ്മിൻറൺ, അത്ലറ്റിക്സ്, നീന്തൽ ഇവയിലെല്ലാം കുട്ടികൾ കൃത്യമായി പരിശീലനത്തിൽ ഏർപ്പെടേണ്ടതുണ്ട്.

സബ്ജില്ല, ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതോടൊപ്പം സമൂഹത്തിൽ മാതൃകാപരമായി മികച്ച ആരോഗ്യവാൻമാരായി നിലനിൽക്കാൻ ഉതകുന്ന തയ്യാറാക്കിയിരിക്കുന്നു. രീതിയിൽ പാഠ്യപദ്ധതികൂടാതെ കായിക പ്രവർത്തനങ്ങളായ സ്പോർട്സ് മീറ്റ്, കായിക ദിനാചരണങ്ങൾ, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, ലഹരി വിമുക്ത പരിപാടികൾ, ലോകത്തിലെ പ്രധാന സ്പോർട്സ് താരങ്ങളെ അറിയുന്നതിനുവേണ്ടിയുള്ള പുസ്തകങ്ങളുടെ ലഭ്യത എല്ലാം തന്നെ ലൈബ്രറിയിൽ ഒരുക്കിയിരിക്കുന്നു.

ഒരു മികച്ച കായികതാരത്തെ എന്നപോലെ "എല്ലാവർക്കും സ്പോർട്സ്" എന്ന സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിക്കുമ്പോൾ നമ്മുടെ കൊച്ചു പഞ്ചായത്തും സ്പോർട്സ് കൾച്ചർ ഉടലെടുക്കും എന്ന് പ്രത്യാശിക്കാം.

വിനോജ് പി.സി

കായികാദ്ധ്യാപകൻ ജി.എച്ച്.എസ്സ്.എസ്സ് എരഞ്ഞിമങ്ങാട്.



# SPC

സംസ്ഥാന ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് 2010 ൽ കേരളത്തിൽ രൂപം കൊടുത്ത പദ്ധതിയാണ് Student Police Cadet. നിയമങ്ങൾ പാലിക്കുന്നതിനും അച്ചടക്കം പരിശീലിക്കുന്നതിനും സമൂഹത്തോട് സഹാനുഭൂതിയും പൗരബോധവും വളർത്തിയെടുക്കുന്നതിനും ഈ പ്രൊജക്റ്റ് ഹൈസ്കൂൾ വിദ്യാർഥികളെ പരിശീലിപ്പിക്കുന്നു.Ghss എരഞ്ഞിരങ്ങാട് സ്കൂളിൽ 2020 -21 കാലഘട്ടത്തിൽ SPC പ്രവർത്തനം ആരംഭിച്ചു. പൗരബോധവും ലക്ഷ്യബോധവും സാമൂഹിക പ്രതിബദ്ധതയും സേവനസന്നദ്ധതയും ഉള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിൽ SPC യൂണിറ്റ് വിജയം കൈവരിച്ചിട്ടുണ്ട്. സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്നു പ്രവർത്തിക്കാനുമുള്ള മനോഭാവം കേഡ റ്റുകൾ ആർജിച്ചെടുത്തിട്ടുണ്ട്. സ്വഭാവശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ പ്രവീണ്യം നേടിയ SPC യുടെ ആദ്യ ബാച്ചിന്റെ പാസ്സിങ് ഔട്ട് 2023 ആഗസ്റ്റിന് പ്രൗഢ ഗംഭീരമായി പൂർത്തിയാക്കി. രണ്ടാമത്തെ ബാച്ചിന്റെ പാസ്സിംഗ് ഔട്ട് പരേഡ്2026 ജനുവരി 5 ന് നിലമ്പൂരിൽവച്ച് നടന്നു. സ്കൂൾ നടപ്പിലാക്കിയ ഹരിത ജീവനം എന്ന SPC യുടെ അടുക്കള ത്തോട്ടം ചാലിയാർ പഞ്ചായത്തിൽ കൃഷി വകുപ്പിന്റെ അവാർഡിന് അർഹമായി. കൃഷി അറിവുകൾ കുട്ടികളിൽ എത്തിക്കുവാനും ജൈവ കൃഷി രീതി പരിശീലിപ്പിക്കപ്പെട്ട ഒരു പദ്ധതി ആയിരുന്നു ഇത്. ട്രാഫിക് ബോധവൽക്കരണം, വിമുക്തി സർവേ, മധുരവനം പ്രൊജക്റ്റ് തുടങ്ങിയ തികച്ചും മാതൃക പരമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് പോകു**ന്നു.**





# Junior Red Cross (JRC)

അന്താരാഷ്ട്ര സന്നദ്ധ സേവന സംഘടയായ RED CROSS ന്റെ സ്കൂൾ തല സംഘടനയാണ് JRC ' 'കുട്ടികളിൽ സേവന സന്നദ്ധത വളർത്തി ഉത്തമ പൗരന്മാരായി വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. 8, 9, 10 ക്ലാസ്സുകളിൽ നിന്ന് 30 കുട്ടികളെ ഉൾപ്പെടുത്തി 90 കുട്ടികൾ JRC കേഡറ്റുകളായി സേവനം ചെയ്യുന്നു. സ്കൂളിലെ ലഹരി വിരുദ്ധ കാമ്പയിൻ, ആരോഗ്യ പ്രവർത്തനങ്ങൾ, യുദ്ധവിരുദ്ധ സന്ദേശം പരിസ്ഥിതി വിദ്യാലയത്തിലെ തുടങ്ങി പ്രവർത്തനങ്ങളിലും JRC കേഡറ്റുകൾ സജീവമായി പങ്കെടുക്കുന്നു. എല്ലാ സർഗ്ഗാത്മക പ്രവർത്തനങ്ങളിലും JRC കേഡറ്റുകൾ സജീവമായി പങ്കെടുക്കുന്നു. 2025 ജനുവരി 1 ന് പ്രോജ്വല 2025 എന്ന പേരിൽ ഏകദിന ശില്പശാലസംഘടിപ്പിച്ചു. ഈ വർഷവും ഏറ്റവും മികച്ച പ്രവർത്തങ്ങൾ ലക്ഷ്യം വച്ച് JRC പ്രവർത്തനങ്ങൾ മുന്നേറുന്നു...











## ലിറ്റിൽ കൈറ്റ്സ്

അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ ഫലമായി പാഠപുസ്തകത്തില് ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽനിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള തലമുറയെ സർഗാത്മകമായി പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്.

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ ഓരോ അംഗത്തിനും വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെ കടന്നുപോകാനുള്ള സുവർണാവസരമാണ് മൂന്ന് വർഷത്തെ പ്രവർത്തനകാലയളവിലൂടെ ലഭിക്കുന്നത്. ഹൈടെക് ഉപകരണ പരിപാലനം, ഗ്രാഫിക്സ് & അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ആർഡിനോ ബ്ലോക്ക് ലി പ്രോഗ്രാമിങ്, നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ഇലക് ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക് ടോപ് പബ്ലിഷിങ്ങും, മീഡിയ & ഡോക്യുമെൻഷൻ,... എന്നിങ്ങനെ വിവിധ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മേഖലകളാണ് യൂണിറ്റ്തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. AI പോലെയുള്ള പുതിയ കാലത്തിന്റെ സങ്കേതങ്ങൾ വരെ സമന്വയിപ്പിച്ച് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തങ്ങൾ മുന്നൊരുക്കത്തോടെ മുന്നേറുന്നു...

സാന്ത്വനം പദ്ധതി







# സാന്ത്വനം പദ്ധതി.

## "സഹപാഠിക്കൊരു കൈത്താങ്ങ്"

നമ്മുടെ സ്കൂളിലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ലക്ഷ്യം വെച്ച് ആരംഭിച്ച പദ്ധതിയാണ് സഹപാഠിക്ക് ഒരു കൈത്താങ്ങ് എന്ന പേരിലെ സാന്ത്വനം പദ്ധതി. നമ്മുടെ സ്കൂളിലെ 8,9,10 ക്ലാസുകളിലെ വളരെ നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം, അടിയന്തിര ചികിത്സ സഹായം തുടങ്ങിയവ ചെയ്ത് കൊടുക്കുന്നതോടൊപ്പം സഹജീവി സ്നേഹവും ജീവകാരുണ്യ പ്രവർത്തനങ്ങളോടുള്ള താൽപ്പര്യവും ചെറുപ്രായത്തിൽ തന്നെ നമ്മുടെ കുട്ടികളിൽ വളർത്തിക്കൊണ്ടു വരികയുമാണ് ഇതിന്റെ ലക്ഷ്യം. ആഴ്ചയിൽ ഒരു ദിവസം ഒരു മിഠായിയോ ഒരു ഐസോ വാങ്ങുന്ന പൈസ ഓരോ ക്ലാസിലേയും സാന്ത്വനം ബോക്സിൽ നിക്ഷേപിക്കുന്നതാണ് ഇതിന്റെ രീതി. എല്ലാ ബുധനാഴ്ചയും നമ്മൾ സാന്ത്വനം ഡെ ആയി ആചരിക്കുന്നത്.

# സ്പന്ദനം ഓൾറൗണ്ട് ക്ലബ്ബ്

"DETERMINED AND COMMITTED TOWARDS EXCELLENCE"




വിദ്യാർത്ഥികളുടെ സമസ മേഖലകളിലുമുള്ള സമഗ്രമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത് എന്ന ഗാന്ധി സ്ലിലേറ്റി കൊണ്ടാണ് 2014 ൽ ജിഎച്ച്എസ്എസ്സിന്റെ സജീവ ചിന്തകളിലേയ്ക്ക് എല്ലാ ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഒരു വേദി രൂപീകൃതമായത്. ഇംഗ്ലീഷ് അധ്യാപകനായ ജോഷി കെ വി മുമ്പോട്ടുവച്ച സ്പന്ദനം ഓൾ റൗണ്ട് ക്ലബ്ബ് എന്ന ആശയം ഏവരും സർവ്വാത്മനാ ഉൾക്കൊണ്ടു.

പ്രധാനാദ്ധ്യാപകനായിരുന്ന ഉമ്മർ മാസ്റ്റർ,മലയാളം അധ്യാപകരായിരുന്ന സജേഷ് ആനപ്പാൻ, ഫ്രാക്ലിൻ ബി വർഗ്ഗീസ്, കലാധ്യാപകനായ എം. ആർ. രവി മാസ്റ്റർ എന്നിവരും ഈ ക്ലബ്ബിന് സർഗ്ഗാത്മക പിന്തുണ നൽകി. കെ രാജഗോപാലിന്റെയും, കാപ്പാടൻ റസാക്കിൻറെയും നേതൃത്വത്തിലുള്ള പിടിഎ യും ഇതിന് പൂർണ്ണ പിന്തുണ നൽകി.

പിന്നീട് 131 കൈയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ രൂപപ്പെടുത്തുകയും മലയാളത്തിന്റെ ശ്രേഷ്ഠ കവി ശ്രീ. മധുസൂദനൻ നായർ പ്രകാശനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. അതൊരു മാതൃകാ പദ്ധതിയായി മാറി **'മികവിന്റെ നിറവിലേയ്ക്കൊരു പൊതുവിദ്യാലയം'** എന്ന പ്രഖ്യാപിതലക്ഷ്യം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെട്ടു. അന്ന് സന്നിഹിതരായിരുന്ന രാഷ്ട്രീയ നേതൃത്വത്തിൻറെ മുന്നിലേയ്ക്ക് നമ്മുടെ വിദ്യാലയത്തിന്റെ നിരവധി ആവശ്യങ്ങൾ നിരത്തപ്പെട്ടു. ഈ ഗ്രാമവിദ്യാലയം ഭൗതികമായും ബൗദ്ധികമായും വളരാനുള്ള പ്രചോദനം നിരന്തരം നൽകുന്ന ഹൃദയത്തുടിപ്പായി സ്പന്ദനം മാറി. Be Creative, Be Nurturing Be Informative, Be United, Be Dynamic എന്നതാണ് 'Committed and Dedicated towards Excellence ആപ്തവാക്യത്തിലൂന്നി പ്രവർത്തിക്കുന്ന സ്പന്ദനം ക്ലബ്ബിന്റെ പ്രവർത്തനലക്ഷ്യം.










# നറുമൊഴി -മലയാളം ക്ലബ്




മാതൃഭാഷയെക്കുറിച്ചും കൈരളീസംസ്കൃതിയെക്കുറിച്ചും പുതിയ ആഴത്തിൽ തലമുറയ്ക്ക് അറിവുണ്ടാവുക എന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന മലയാളം പഠന കൂട്ടായ്മയാണ് **'നറുമൊഴി' മലയാളം ക്ലബ്** മലയാളസാഹിത്യവും എഴുത്തുകാരും ഭാഷാ ചരിത്രവുമായി ബന്ധപ്പെട്ടുള്ള പ്രധാന സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിക്കുകയും ആഴത്തിൽ മലയാളനാടിന്റെ പൈതൃകത്തെക്കുറിച്ച് അവഗാഹം ഉണ്ടാക്കുകയും അതോടൊപ്പം ഉത്തമമലയാളിയായി നാടിന്റെ പ്രൗഢമായ ബൗദ്ധിക സംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുന്ന പൗരനായ് ഒരു വിദ്യാർത്ഥിയെ വളർത്തിയെടുക്കത്തക്കവിധത്തിൽ വിദ്യാലയത്തിൽ സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം കൂടി നറുമൊഴി ക്ലബ്ബ് നിർവ്വഹിക്കുന്നു. ഈ വർഷം കൂടുതൽ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനാണ് നറുമൊഴി കൂട്ടായ്മയുടെ ലക്ഷ്യം. മാതൃഭാഷയിൽ അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു അവർക്ക് പ്രത്യേകം പരിശീലനം നൽകിക്കൊണ്ട് ഭാഷയുടെ സൗന്ദര്യവും ശക്തിയും പുതിയ തലമുറയിലേക്ക് എത്തിക്കുക എന്ന ദൗത്യം കൂടി ഈ ക്ലബ്ബ് ഏറ്റെടുത്ത് ചെയ്യുന്നു. മലയാളം അധ്യാപകസമൂഹമാണ് ക്ലബ്ബിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ടുകൊണ്ട് മലയാളം വിദ്യാർഥികൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്....

# THE WINGS - ENGLISH CLUB

## "Let's Soar High..."




The English club of Ghss Eranhimangad started functioning in the name" The wings".It aims to provide a dynamic platform to students to enhance their language skills beyond the standard curriculum. It fosters a love for literature, creative writing, and public speaking through various activities such debates, different reading and writing competitions, drama performances etc. By participating in the club, students improve their vocabulary, gain confidence in their communication abilities, and develop critical thinking skills. Additionally, the club aims to conduct events like book discussions and language games, creating an engaging and supportive environment for learning and personal growth.

# അറബിക് ലേണിങ് ഇപ്രൂവ്മെന്റ് ഫോഴ്സ്

## അലിഫ് - ARABIC CLUB


വിനോദത്തിലൂടെയും മത്സരത്തിലൂടെയും ഭാഷയിൽ പ്രാവീണ്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ALIF അറബിക് പ്രവർത്തിക്കുന്നത്. സംസ്ഥാനതലം വരെ നടക്കുന്ന അറബി അലിഫ് ടാലന്റ് ടെസ്റ്റ് മത്സര പരീക്ഷയ്ക്ക് പുറമേ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളിലും പൊതുവിജ്ഞാനത്തിൽ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്ന ടാലൻറ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (TIP). ഓരോ ക്ലാസ് മുറിയിലും സ്ഥാപിച്ച ALIF നോട്ടീസ് ബോർഡിൽ ഓരോ മാസവും 50 GK ചോദ്യവും ഉത്തരവും പ്രദർശിപ്പിച്ചതിൽ നിന്നു തന്നെ ഓരോ ക്ലാസുകളിലും ക്വിസ് മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം നൽകുകയും വർഷാവസാനം വ്യത്യസ്ത വേർഷനുകളിലായി ചോദ്യപേപ്പർ തയ്യാറാക്കി ഒ. എം .ആർ. ടൈപ്പ് പരീക്ഷയും നെഗറ്റീവ് മാർക്കോടുകൂടിയുള്ള മൂല്യനിർണയവും നടത്തി വിജയികളെ പ്രഖ്യാപിക്കുന്ന പദ്ധതി. 2018 ൽ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി. ഷേർളി വർഗീസ് പദ്ധതി ഉദ്ഘാടനം ചെയ്തു.അറബിക് സാഹിത്യോത്സവത്തിലെ മുഴുവൻ മത്സരങ്ങളും അറബി ഭാഷയിൽ കുട്ടികളിൽ പ്രാവിണ്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി ആയതിനാൽ ഈ മത്സരങ്ങൾക്ക് വിദ്യാർത്ഥികളെ തയ്യാറാക്കുന്നതും അലിഫ് ക്ലബ്ബിൻറെ മേൽനോട്ടത്തിലാണ്. ദിനാചരണ പരിപാടികൾ, അറബിക് ഒന്നാം അസംബ്ലി, അറബിയെടുത്ത് വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക അനുമോദനം എന്നിവയും അറബിക് ക്ലബ്ബിന്റെ പ്രവർത്തനമേഖലയാണ്.




## സിതാരെ - ഹിന്ദി ക്ലബ്

സ്കൂളിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ സുഗമവും സുന്ദരവുമായി ഹിന്ദി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു' ഒരു ക്ലാസിൽ നിന്നും 4 കുട്ടികൾ വീതം ഹിന്ദി ക്ലബിൽ അംഗങ്ങളാണ്. രാജ്യമൊട്ടാകെയുള്ള യുവ തലമുറയിൽ ഹിന്ദിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഹിന്ദിയെ ഔദ്യോഗിക ഭാഷാ പദവിയിൽ നിന്ന് രാഷ്ട്ര ഭാഷ എന്ന പദവിയിലേക്ക് ഉയർത്തുക എന്ന വലിയ ലക്ഷ്യം കൂടി ഹിന്ദി ക്ലബ് വിഭാവനം ചെയ്യുന്നു.

## Sorority - Social Science Club





വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തിയെടുക്കുക, സാമൂഹ്യ വത്കരണത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുക, ജനാധിപത്യ മൂല്യങ്ങൾ- പൗരബോധം എന്നിവയിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സൊറോറിറ്റി സോഷ്യൽ സയൻസ് ക്ലബ്ബിൽ 8,9,10 എന്നീ ക്ലാസ്സുകളിൽ നിന്ന് നിന്നായി 40 വിദ്യാർത്ഥികൾ അംഗമാണ്. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുക, പഠനയാത്ര, പ്രാദേശിക ചരിത്ര പഠന ക്യാമ്പ്, സ്കൂൾ പാർലമെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സൊറോറിറ്റി സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വം വഹിക്കുന്നത് സോഷ്യൽ സയൻസ് അധ്യാപകരും വിദ്യാർത്ഥിപ്രതിനിധികളുമാണ്.

## സംയുക്തം - സയൻസ് ക്ലബ്




കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തുക എന്ന ഉദ്ദേശത്തോടുകൂടി 'സംയുക്തം' എന്ന പേരിൽ ശാസ്ത്ര ക്ലബ് ആരംഭിച്ചു. കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കാനും ലോകപുരോഗതിക്കനുസരിച്ചുള്ള വാർത്തെടുക്കാനും വർഷംതോറുംനീണ്ടു നിൽക്കുന്ന വിവിധ പരിപാടികളോടെ മുന്നേറാൻ തീരുമാനിച്ചിരിക്കുന്നു. കുട്ടികളെ പുറം ലോകവുമായി ബന്ധപ്പെടുത്താനും പഠനം അനുഭവിച്ചറിയാനുമുള്ള അവസരങ്ങൾ ഒരുക്കുന്നു.കുട്ടികളിലെ നൈസർഗ്ഗികമായ ശാസ്ത്രത്വരയെ ആർജ്ജിച്ചെടുക്കുവാനുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു. ഇത് "സംയുക്തം" എന്ന പേരു പോലെ കൂട്ടായ്മയുടെ ഒരു ക്ലബായി പ്രവർത്തിക്കുന്നു.

## MATHS MAGIC- ഗണിത ക്ലബ്




വിദ്യാർത്ഥികളിൽ ഗണിതഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ ഗണിതക്ലബ് ' Maths Magic എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. ഗണിതശാസ്ത്രത്തിൽ താല്പര്യം സൃഷ്ടിക്കാനും, നിലനിർത്താനും . ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കാൻ തീരുമാനിച്ചു. വിദ്യാർത്ഥി കൾക്കിടയിലെ ഗണിതഭയം നീക്കം ചെയ്യുന്നതിനുള്ള ശക്തമായ ഉപകരണമാണ് ഗണിതക്ലബ്. പസിലുകൾ, ഗെയിമുകൾ, സെമിനാർ, ഗണിതശാസ്ത്രജ്ഞരുടെ സംഭാവനകൾ, മോഡലുകൾ, ക്വിസ് പ്രോഗ്രാമുകൾ തുടങ്ങിയവ അവതരിപ്പിക്കുവാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു. ഗണിതശാസ്ത്രമേളയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഇനങ്ങളിൽ കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള മത്സരങ്ങൾ, പതാക നിർമ്മാണ മത്സരം, ഗണിതപൂക്കളമത്സരം എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചു. പ്രവർത്തങ്ങളെല്ലാം നമ്മുടെ കുട്ടികൾക്ക് ഗണിത ശാസ്ത്രത്തിലുള്ള താല്പര്യവും കഴിവും വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

# EVERGREEN- ECO CLUB

കുട്ടികളിൽ പരിസ്ഥിതി സംരക്ഷണവും,കാർഷിക സ്നേഹവും,പരിസ്ഥിതി അവബോധവും വളർത്തുന്നതിനായി EVERGREEN is your happy place എന്ന പേരിൽ ECO CLUB ആരംഭിച്ചു.ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം നടന്നു.Meri life ദൗത്യത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. വൃക്ഷതൈകൾ നട്ടുപരിപാലിക്കുന്നതിനായി കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു ചുമതല നൽകി.സ്കൂളിൽ അടുക്കളത്തോട്ടം നിർമാണവുമായി പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്കൂളും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ക്ലബ്ബിൻറെ നേതൃത്വത്തിൽ നടന്നുവരുന്നു. ബന്ധപ്പെട്ട പരിസരവും പ്രവർത്തനങ്ങൾ

## കവചം - ലഹരി വിരുദ്ധ ക്ലബ്

വിദ്യാർഥികളിൽ ലഹരി വിരുദ്ധത വർധിപ്പിക്കുന്നതിനു വേണ്ടി വൈവിധ്യമർന്ന പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. 8, 9,10 ക്ലാസ്സുകളിൽ നിന്നായി 80 കുട്ടികൾ കവചം ക്ലബ്ബിൽ അംഗങ്ങൾ ആയി പ്രവർത്തിക്കുന്നു. ലഹരി വിരുദ്ധ സന്ദേശങ്ങൾ, ചിത്ര രചനകൾ, ലഹരി വിരുദ്ധ ദിനാ ചരണങ്ങൾ എന്നിവ സുഗമമായി നടത്തിക്കൊണ്ട് ലഹരിയെ സമൂഹത്തിൽ നിന്നും പൂർണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ കവചം ലഹരി വിരുദ്ധ ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു

## വിദ്യാരംഗം കലാ സാഹിത്യ വേദി




വിദ്യാരംഗം കലാസാഹിത്യവേദി വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുകയും വിദ്യാലയത്തിനകത്ത് കലാസാഹിത്യ കൂട്ടായ്മകളുടെ പ്രസന്നമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് പഠനനേട്ടത്തോടൊപ്പം തന്നെ സൃഷ്ടിപരതയുടെയും വിദ്യാർത്ഥി സൗഹൃദത്തിന്റെയും വഴിയിലേക്ക് സമൂഹത്തെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യവുമായി നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്ന മാതൃകാക്ലബ്ബാണ് വിദ്യാരംഗം കലാസാഹിത്യവേദി. വിദ്യാരംഗം കലാസാഹിത്യവേദിയുടെ സ്കൂൾതല പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത് സ്കൂളിലെ മലയാളം അധ്യാപകകൂട്ടായ്മ തന്നെയാണ്. മുൻ വർഷങ്ങളിൽ മികച്ച സർഗ്ഗപ്രതിഭകളെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കുവാനും മികച്ച വിജയങ്ങൾ കരസ്ഥമാക്കാനും സ്കൂളിലെ വിദ്യാരംഗം ടീമിന് സാധിച്ചിട്ടുണ്ട് .ഈ വർഷം കൂടുതൽ കലാരൂപങ്ങളെയും കലാപ്രതിഭകളെയും ആഴത്തിൽ പരിചയപ്പെടാനും സർഗ്ഗവ്യക്തിത്വത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്തു വിദ്യാലയത്തിൽ നടത്തുവാനും ടീം വിദ്യാരംഗം കൃത്യമായ ആസൂത്രണം നടത്തിയിട്ടുണ്ട്. ഈ വിദ്യാലയത്തിന്റെ തനത് മലയോര കലകളെയെല്ലാം സമൂഹമധ്യത്തിലേക്ക് കൊണ്ടുവരിക എന്ന കർത്തവ്യം കൂടി ഈ വർഷം വിദ്യാരംഗം കൂട്ടായ്മ ലക്ഷ്യമാക്കുന്നുണ്ട്.

# ജ്യോതിസ് - സ്കൂൾ ലൈബ്രറി




ഹൈസ്കൂളിലെ ലൈബ്രറികളുടെ ലക്ഷ്യങ്ങൾ, വിദ്യാർത്ഥികളുടെ അറിവിന്റെ വിശാലത വർദ്ധിപ്പിക്കുക, വായനാശീലങ്ങൾ ഉണർത്തുക, വിചാരശേഷി വളർത്തുക എന്നിവയാണ്."ജ്യോതിസ്" പേരിലുള്ള എന്ന നമ്മുടെ ലൈബ്രറി വിദ്യാർത്ഥികൾക്ക് അറിവിന്റെ പുതിയ ലോകങ്ങൾ പരിചയപ്പെടുത്താൻ ഒരു ജാലകമായി പ്രവർത്തിക്കുന്നു. വിവിധ വിഷയങ്ങളിലായി സമ്പന്നമായ പുസ്തകശേഖരത്തിലൂടെ, വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിലും വ്യക്തിഗത വളർച്ചയിലും സഹായകരമായ വസ്തുതകളും ആശയങ്ങളും സമ്പാദിക്കാനാകും. ഇതിലൂടെ, വിദ്യാർത്ഥികൾക്ക് സ്വതന്ത്ര പഠനശേഷിയും ആശയവിനിമയ കഴിവും വികസിപ്പിക്കാനും, ഒരു ഉത്തരവാദിത്തപ്പെട്ട പൗരൻമാരായി മാറ്റിക്കൊണ്ടുവരാനും "ജ്യോതിസ്" ലക്ഷ്യമിടുന്നു.

## സയൻസ് ലാബ്

ലാബിൻെറ പരിമിതമായ സൗകര്യങ്ങളിൽ ചെയ്യാൻ കഴിയുന്ന എല്ലാ പ്രവർത്തനങ്ങളും നടന്നു വരുന്നു.8,9,10 ക്ളാസ്സ കളിലെ പാഠഭാഗങ്ങളിലെ പരീക്ഷണങ്ങൾ നടത്തുകയും നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.ഈ വർഷം ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള പരിപാടികൾ സയൻസ് ഡിപ്പാർട്ട്മെന്റ് നടത്തി വരുന്നു.





# SCHOOL BUS




മലപ്പുറം ജില്ലാ പഞ്ചായത്ത് അനുവദിച്ച സ്കൂൾ ബസ് 2018 മുതൽ സർവീസ് നടത്തുന്നുണ്ട്. പ്രതിവർഷം 100 ൽ അധികം കുട്ടികൾ സ്കൂൾ ബസിൽ യാത്ര ചെയ്യുന്നുണ്ട്. വിദ്യാവാഹിനി പദ്ധതി പ്രകാരവും ബസ് സർവീസ് നടത്തുന്നുണ്ട്. പഞ്ചായത്തിലെ റിമോട്ട് മേഖലകളിൽ യാത്രാ സൗകര്യത്തിന് കുട്ടികൾ ആശ്രയിക്കുന്നത് സ്കൂൾ ബസിനെ ആണ്. 2 ട്രിപ്പുകൾ ആയാണ് സർവീസ് നടത്തുന്നത്.രാവിലെ സ്കൂളിൽ നിന്നെടുക്കുന്ന ബസ് മൈലാടിയിൽ 8 മണിക്ക് എത്തി മണ്ണുപ്പാടം, കുന്നത്തുചാൽ, പൈങ്ങാക്കോട്, അത്തിക്കാട്, മൊടവണ്ണ, പണപ്പൊയിൽ, വേട്ടേക്കോട്, എരഞ്ഞിമങ്ങാട് വഴി സ്കൂളിൽ എത്തുന്നതും പിന്നീട് പെരുവമ്പാടം, ഇടിവണ്ണ,

തോട്ടുപൊയിൽ, കല്ലുണ്ട, നമ്പൂരിപ്പൊട്ടി, മതിൽമൂല, കോണമുണ്ട, എളമ്പിലാക്കോട്, ആനപ്പാറ വഴി തിരികെ സ്കൂൾ എത്തുന്നതുമാണ്.

വൈകുന്നേരം സ്കൂൾ വിട്ടതിനു ശേഷവും രണ്ട് ട്രിപ്പുകൾ ആയി സർവീസ് നടത്തുന്നു.സ്കൂളിൽ നിന്നെടുത്ത് ആനപ്പാറ മുതൽ പെരുവമ്പാടം വരെ ആദ്യ ട്രിപ്പ് ആയും എരഞ്ഞിമങ്ങാട് വഴി മൈലാടി വരെ രണ്ടാം ട്രിപ്പ് ആയും സർവീസ് നടത്തുന്നു.

സുരക്ഷിത ഗതാഗത മാർഗം എന്ന ധാരണ രക്ഷിതാക്കളിലും വിദ്യാർത്ഥികളിലും എത്താത്തത് ചില പ്രദേശങ്ങളിലേക്ക് സർവീസ് നീട്ടുന്നതിന് തടസമായിട്ടുണ്ട്. എങ്കിലും ഓരോ വർഷവും പുതിയ ഇടങ്ങളിലേക്ക് ഘട്ടം ഘട്ടമായി സർവീസ് നീട്ടുന്നതിന് കഴിയുന്നുണ്ട്.

## NOON FEEDING

केरളസർക്കാരിന്റെ ആഭിമുഖ്യത്തിൽ എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം എല്ലാ സ്കൂൾ ദിവസങ്ങളിലും നൽകി വരുന്നു. ആഴ്ചയിൽ രണ്ടു ദിവസം പാൽ, ഒരു ദിവസം മുട്ട എന്നിവ നൽകുന്നു. എല്ലാ മാസവും ബിരിയാണി,മന്തി, ഫ്രൈഡ് റൈസ് എന്നീ വ്യത്യസ്ത ഇനങ്ങൾ ഉച്ചഭക്ഷണത്തിൽ ഉൾപെടുത്താറുണ്ട്.

PTA പ്രെസിഡന്റ് അധ്യക്ഷനായി HM നേതൃത്വം നൽകി SMC ചെയർമാൻ എംപിറ്റ പ്രെസിഡന്റ് സ്റ്റാഫ് സെക്രട്ടറി തുടങ്ങിയവർ അടങ്ങുന്ന ഒരു കമ്മിറ്റി മാസം തോറും ചേർന്ന് ഉച്ചഭക്ഷണ വിതരണം നടത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുന്നു

मध्याह्न भोजन योजना
Mid Day Meal Scheme






# ദിനാചരണ ചാർട്ട്

## മലയാളം

ജൂൺ 19- വായന ദിനം

ജൂലൈ 5- ബഷീർ ദിനം

ഒക്ടോബർ 16- വള്ളത്തോൾ ജന്മദിനം

ഒക്ടോബർ 27- വയലാർ അനുസ്മരണ ദിനം

നവംബർ 1- കേരളപ്പിറവി

ഡിസംബർ 25- എം. ടി അനുസ്മരണ ദിനം

ഫെബ്രുവരി 13- ഒ. എൻ. വി അനുസ്മരണം

ഫെബ്രുവരി 21- മാതൃഭാഷ ദിനം

## ഇംഗ്ലീഷ്

June 19-Reading Day
July 21-Earnest Hemingway Day
Aug 28-Leo Tolstoy Day
Oct 16-Oscar Wilde Day
Oct 27-Sylvia Plath Day
Nov 30-Mark Twain Day
Dec 10-Emily Dickinson Day
Jan 25-Virginia woolf Day
Feb7-Charles Dickens Day

## ഹിന്ദി

June 5 - പര്യാവരൺ ദിവസ്

June 19 -വാചൻ ദിവസ്

June 26 - നാശ് വിമുക്തി ദിൻ

July 31- പ്രേം ചന്ദ് ദിൻ

August 15- സ്വാതന്ത്രത ദിവസ്

September 14 - ദേശീയ് ഹിന്ദി ദിവസ്

October 2 - ഗാന്ധി ജയന്തി

November 14- ശിശു ദിവസ്

January 10- അന്തരാഷ്ട്രീ യ് ഹിന്ദി ദിവസ്

## സോഷ്യൽ സയൻസ്

ജൂലൈ 11- ലോക ജന സംഖ്യ ദിനം.

ജൂലൈ 26-കാർഗിൽ വിജയ ദിനം.

ഓഗസ്റ്റ് 6-ഹിരോഷിമ ദിനം,

ഓഗസ്റ്റ് 9-ക്വിറ്റിന്ത്യ ദിനം, നാഗസാക്കി ദിനം.

ഓഗസ്റ്റ് 15-സ്വതന്ത്ര ദിനം.

സെപ്റ്റംബർ 5-ദേശീയ അദ്ധ്യാപക ദിനം.

സെപ്റ്റംബർ 16-ഓസോ ൺ ദിനം.

ഒക്ടോബർ 2-ഗാന്ധി ജയന്തി ദിനം

നവംബർ 1-കേരളപ്പിറവി ദിനം.

നവംബർ 11-ദേശീയ വിദ്യാഭ്യാസ ദിനം.

ഡിസംബർ 10-ലോക മനുഷ്യാവകാശ ദിനം.

ജനുവരി 23-നേതാജി ദിനം.

ജനുവരി-26-റിപ്പബ്ലിക് ദിനം.

ജനുവരി 30-രക്തസാക്ഷിദിനം.

ഫെബ്രുവരി 2-തണ്ണീർത്തട ദിനം.

## സയൻസ്

ജൂലൈ 21- ചാന്ദ്ര ദിനം

സെപ്റ്റംബർ 16- ഓസോൺ ദിനം

ഒക്ടോബർ 23- മോൾ ദിനം

നവംബർ 10- ലോക ശാസ്ത്ര ദിനം

ഫെബ്രുവരി 28- ദേശീയ ശാസ്ത്ര ദിനം

## ഗണിതം

ജനുവരി 4-ലൂയി ബ്രെയിൽ ദിനം

മാർച്ച് 14-അന്താരാഷ്ട്ര ഗണിത ദിനം / പൈ ദിനം (π Day)

മാർച്ച് 21-വേൾഡ് മാത്സ് ഡേ

ജൂൺ 28-ടാവു ദിനം (Tau Day)

ഓഗസ്റ്റ് 21-രാമാനുജൻ അനുസ്മരണദിനം

ഒക്ടോബർ 20-ലോക കണക്ക ശാസ്ത്ര ദിനം (World Statistics Day)

ഡിസംബർ 22-ഇന്ത്യൻ ദേശീയ ഗണിത ദിനം

## ഇൻഫർമേഷൻ ടെക്നോളജി/ ലിറ്റിൽ കൈറ്റ്സ്

ജനുവരി 24-International Day of Education ഡിജിറ്റൽ വിദ്യാഭ്യാസവും ടെക്നോളജിയുടെ പങ്കും ആഘോഷിക്കുന്നു.

ഫെബ്രുവരി 11-International Day of Women and Girls in Science ഐ.ടി. ഉൾപ്പെടെയുള്ള ശാസ്ത്ര മേഖലകളിൽ സ്ത്രീകളുടെ പങ്ക് ഉയർത്തുന്നു.

മാർച്ച് 31-World Backup Day ഡാറ്റ സുരക്ഷയുടെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണം.

ഏപ്രിൽ 4-Internet Day (വിവിധ രാജ്യങ്ങളിൽ) ഇന്റർനെറ്റിന്റെ പ്രാധാന്യവും സ്വാതന്ത്ര്യവും

## എസ് പി സി

June 5- ലോക പരിസ്ഥിതി ദിനം

വൃക്ഷത്തൈ നടൽ, സ്കൂൾ പരിസര ശുചീകരണം, പ്ലാസ്റ്റിക് നിർമാർജന പ്രവർത്തനങ്ങൾ

June26- ലോക മയക്കുമരുന്ന് വിരുദ്ധ ദിനം

ബോധവൽക്കരണ ക്ലാസ്

July 11- ലോക ജനസംഖ്യാ ദിനം

August 2- SPC Day
August 6 -ഹിരോഷിമ നാഗസാക്കി ദിനം

യുദ്ധവിരുദ്ധ റാലി

August15- സ്വാതന്ത്ര്യ ദിനം

പതാക വന്ദനം, ദേശീയ നേതാക്കന്മാരെ അനുസ്മരിക്കൽ, ദേശഭക്തിഗാന മത്സരം

September5-അധ്യാപക ദിനം

January 26-റിപ്പബ്ലിക് ദിനം

## ജെ ആർ സി

June 5- ലോക പരിസ്ഥിതി ദിനം

വൃക്ഷത്തൈ നടൽ, സ്കൂൾ പരിസര ശുചീകരണം, പ്ലാസ്റ്റിക് നിർമാർജന പ്രവർത്തനങ്ങൾ

June26- ലോക മയക്കുമരുന്ന് വിരുദ്ധ ദിനം

ബോധവൽക്കരണ ക്ലാസ്

July 11- ലോക ജനസംഖ്യാ ദിനം

August 6- ഹിരോഷിമ നാഗസാക്കി ദിനം

യുദ്ധവിരുദ്ധ റാലി

August15- സ്വാതന്ത്ര്യ ദിനം

പതാക വന്ദനം, ദേശീയ നേതാക്കന്മാരെ അനുസ്മരിക്കൽ, ദേശഭക്തിഗാന മത്സരം

September5-അധ്യാപക ദിനം ,ഡോക്ടർ രാധാകൃഷ്ണ അനുസ്മരണം, ഗുരുവന്ദനം

September 26-ലോക ബധിരദിനം

ഒക്ടോബർ 1-ദേശീയ രക്തദാന ദിനം

രക്തദാന ബോധവൽക്കരണ ക്ലാസ്

October 2-Gandhi jayanthi
ഗാന്ധി അനുസ്മരണം, ശുചീകരണ വാരം

October 30-ഹെൻട്രി ഡ്യൂനന്റ് ചരമദിനം ,ഹെൻട്രി ഡ്യൂനന്റ് അനുസ്മരണം

November 1- കേരളപ്പിറവി ദിനം

November 14-ശിശുദിനം,നെഹ്റു അനുസ്മരണം പ്രസംഗം മത്സരം

December 1-ലോക എയ്ഡ്സ് ദിനം,എയ്ഡ്സ് ബോധവൽക്കരണം

January 15-പാലിയേറ്റീവ് ദിനം ,പാലിയേറ്റീവ് ദിന ബോധവൽക്കരണ ക്ലാസ്, രോഗി പരിചരണം

January 26-റിപ്പബ്ലിക് ദിനം,പതാക വന്ദനം

February 4-ലോക ക്യാൻസർ ദിനം ,ക്യാൻസർ ബോധവൽക്കരണ പ്രവർത്തനങ്ങൾ

## കായികം

June 23 -ഒളിമ്പിക് ഡേ

Aug 29-ദേശീയ കായിക ദിനം

Oct 13-കേരളാകായിക ദിനം

## കല

ഏപ്രിൽ 29-രാജാ രവിവർമ്മ ജന്മദിനം

ജൂൺ 21- ലോക സംഗീത ദിനം

മാർച്ച് 27- ലോക നാടക ദിനം

ഏപ്രിൽ 15-ലോക കലാ ദിനം

## വർക്ക് എക്സ്പീരിയൻസ്

ജൂൺ 5 - ലോക പരിസ്ഥിതി ദിനം

ആഗസ്റ്റ് 15 - സ്വതന്ത്ര്യ ദിനം

സെപ്റ്റംബർ 5 - അധ്യാപക ദിനം

ഒക്ടോബർ 9 - ലോക തപാൽ ദിനം

നവംബർ 14 - ശിശു ദിനം

നവംബർ 25 - പതാക ദിനം

ഡിസംബർ 23 - കർഷക ദിനം

വെള്ളിയാഴ്ചയിലെ സ്പന്ദനം വിജയി

# MALAYALAM

മലയാളം ഉപമേഖല - അടിസ്ഥാനശേഷി വികസനം - 2025 - 2026

| പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *എല്ലാ കുട്ടികൾക്കും അനായാസമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസനം<br>*ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *അക്ഷരം ഉറപ്പിക്കൽ<br>* ഭാഷാ കേളികൾ<br>*ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ക്ലാസ്സ് | *ജൂൺ- മാർച്ച് | *മലയാളം അധ്യാപകർ | |
| *സർഗ്ഗശേഷി വികസനം | *ദിനാചരണങ്ങൾ<br>*സാഹിത്യരചനാ മത്സരങ്ങൾ<br>*ശില്പശാല<br>*പ്രഭാഷണം<br>*ക്വിസ്<br>*പുസ്തകചർച്ച ക്ലാസ്സ് തലം<br>*ഇ -വായന<br>*പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം | *അതാത് ദിവസങ്ങളിൽ<br>*വർഷത്തിൽ ഒന്ന്<br>*മാസത്തിൽ ഒന്ന്<br>*ആറ് മാസത്തിലൊരിക്കൽ | *വിദ്യാരംഗം മലയാളം ക്ലബ്ബ് | |
| *വ്യത്യസ്ത സാഹിത്യരൂപങ്ങൾ പരിചയപ്പെടുകയും സാഹിത്യകാരന്മാരെ അടുത്തറിയാനുള്ള അവസരം ഉളവാക്കൽ | *പഠന യാത്ര | *വർഷത്തിൽ ഒരു തവണ | *മലയാളം അധ്യാപകർ | |
| *എല്ലാ കുട്ടികളെയും സ്വതന്ത്രവായനയ്ക്ക് പ്രാപ്തരാക്കുക | *ക്ലാസ്സ് വായന കൂട്ടംരൂപീകരിക്കൽ<br>*ക്ലാസ്സ് ലൈബ്രറി | *ആവശ്യാനുസരണം | *ക്ലാസ്സ് അധ്യാപകർ | |

# HINDI

മേഖല : അക്കാദമികം      ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

# ENGLISH

| മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടിEnglish Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നി തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

| മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets -യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# SOCIAL SCIENCE

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# BIOLOGY

**അക്കാദമിക് മാസ്റ്റർ പ്ലാൻ 2025---26** **ബയോളജി**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ<br>• മഴക്കാല രോഗങ്ങൾ:, ലക്ഷണങ്ങൾ എന്നിവയെപ്പറ്റി ധാരണ ഉറപ്പിക്കൽ<br>• മാലിന്യസംസ്കരണം<br>• പരിസ്ഥിതി ദിനാചരണം. പരാസ്ഥിതി ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം | • വിവിധ മഴക്കാല ശുചീകരണ മാർഗങ്ങൾ കുട്ടകളോട് വിശദീകരിക്കുകയും ,സ്കൂളും പരിസരവും വൃത്തിയാക്കാനുള്ള മാർഗങ്ങൾ ഒരുക്കുന്നു.<br>• മഴക്കാല രോഗലക്ഷണം,വ്യാപനം എന്നിവയെക്കുറിച്ച് വീഡിയോ പ്രദർശനം,രോഗവ്യാപനം തടയാനുള്ള മാർഗങ്ങൾ...അവലോകനം,കാരിക്കേച്ചർ നിർമാണം<br>• മാലിന്യ സംസ്കരണരീതി പരിചയപ്പെടൽ<br>പരിസ്ഥിതി ദിനാചരണം ..... പ്രത്യേക അസംബ്ലി,ഗ്യാലറി വാക്ക്,ചിത്ര രചന,പ്രസംഗം,കർഷകരെ ആദരിക്കൽ | ജൂൺ------ ആഗസ്റ്റ്<br>ആഗസ്റ്റ്... .. സെപ്റ്റംബർ | സയൻസ് ക്ലബ്,എക്കോ ക്ലബ്,ബയോളജി അധ്യാപകർ<br>സയൻസ് ക്ലബ്,ലഹരി വിരുദ്ധ ക്ലബ്,SPC, | പൂർവ്വവിദ്യാർത്ഥി സംഘടന,P T A<br>PTA FUND |


**അക്കാദമിക് മാസ്റ്റർ പ്ലാൻ 2025---26** **ബയോളജി**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ<br>• മഴക്കാല രോഗങ്ങൾ:, ലക്ഷണങ്ങൾ എന്നിവയെപ്പറ്റി ധാരണ ഉറപ്പിക്കൽ<br>• മാലിന്യസംസ്കരണം<br>• പരിസ്ഥിതി ദിനാചരണം. പരാസ്ഥിതി ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം | • വിവിധ മഴക്കാല ശുചീകരണ മാർഗങ്ങൾ കുട്ടകളോട് വിശദീകരിക്കുകയും ,സ്കൂളും പരിസരവും വൃത്തിയാക്കാനുള്ള മാർഗങ്ങൾ ഒരുക്കുന്നു.<br>• മഴക്കാല രോഗലക്ഷണം,വ്യാപനം എന്നിവയെക്കുറിച്ച് വീഡിയോ പ്രദർശനം,രോഗവ്യാപനം തടയാനുള്ള മാർഗങ്ങൾ...അവലോകനം,കാരിക്കേച്ചർ നിർമാണം<br>• മാലിന്യ സംസ്കരണരീതി പരിചയപ്പെടൽ<br>പരിസ്ഥിതി ദിനാചരണം ..... പ്രത്യേക അസംബ്ലി,ഗ്യാലറി വാക്ക്,ചിത്ര രചന,പ്രസംഗം,കർഷകരെ ആദരിക്കൽ | ജൂൺ------ ആഗസ്റ്റ്<br>ആഗസ്റ്റ്... .. സെപ്റ്റംബർ | സയൻസ് ക്ലബ്,എക്കോ ക്ലബ്,ബയോളജി അധ്യാപകർ<br>സയൻസ് ക്ലബ്,ലഹരി വിരുദ്ധ ക്ലബ്,SPC, | പൂർവ്വവിദ്യാർത്ഥി സംഘടന,P T A<br>PTA FUND |

| | | | | |
|---|---|---|---|---|
| 2.ലഹരി നിർമാർജനപ്രവർത്തനം... സജ്ജീവമാക്കൽ | ലഹരിനിർമ്മാർജനം,സെമിനാർ,റോൾ പ്ലേ,പോസ്ററർ നിർമ്മാണം, വീഡിയോ പ്രദർശനം,സുംബ ഡാൻസ്, റാലി,ബോധവത്ക്കരണ ക്ലാസ്,പ്രത്യേക അസംബ്ലി | | | |
| 3.POCSO, ലിംഗ നീതി, Inclusive Education | POCSO നിയമത്തിന്റെപ്രാധാന്യം,ലിംഗനീതി നിരാകരിക്കപ്പെടുന്ന സന്ദർഭങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരണക്ലാസ്(KERALA LEGAL SERVICE AUTHORITY MEMBER----മുഖ്യ അതിഥി)<br><br>Inclusive Education...സാമൂഹിക വൽക്കരണം,ഭിന്നശേഷി കുട്ടികളുടെ ആത്മവിശ്വാസം വളർത്തുന്ന പ്രവർത്തനം | ഒക്ടോബർ---നവംബർ | കൗൺസിലർ,special teacher | യുവജന സംഘടന |

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025---26 ബയോളജി

| | | | | |
|---|---|---|---|---|
| 3.ശാസ്ത്ര മേള---<br>• ശാസ്ത്രീയാഭിരുചി,നിരീക്ഷണ പാടവം,ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ വിമർശനാത്മക ചിന്ത വർദ്ധിക്കുന്നു.<br>• ബയോളജി ലാബ് നവീകരണം,ദിനാചരണങ്ങൾ----- ശാസ്ത്രലാബുകൾ പഠനപ്രക്രിയയിൽ ചെലുത്തുന്ന സ്വാധീനം ഉറപ്പാക്കൽ | • കുട്ടികളുടെ ശാസ്ത്രീയ അഭിരുചി,കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള പരീക്ഷണ നിരീക്ഷണങ്ങൾ സജ്ജീകരിക്കൽ<br>• ശാസ്ത്രപഠനത്തിൽ ലാബിന്റെ പ്രാധാന്യം നൽകുന്ന ബോധവത്ക്കരണ ക്ലാസ്,ലാബ് സജ്ജീകരണം,വിവിധ ഉപകരണങ്ങൾ പരിചയപ്പെടൽ.<br>• ദിനാചരണങ്ങൾ---- പ്രാധാന്യം,പോസ്റ്റർ,കൊളാഷ് നിർമ്മാണം | ഡിസംബർ--മാർച്ച് | സയൻസ് ക്ലബ്, ബയോളജി അധ്യാപകർ | PTA |

# MATHEMATICS

**ACADEMIC MASTER PLAN 2025-26 -MATHEMATICS** **GHSS ERANHIMANGAD**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ. | <u>**ഇനിയും മുന്നോട്ട്**</u> പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ ,മാത്സ് ക്ലിനിക്ക്. | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാൻഡ് ,പി.ടി.എ |
| 2. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | മനക്കണക്കുകൾക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള ഗണിത പസ്സിലുകളുടെ പരിശീലനം. | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശിൽപ്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ, നിർമിതിയിൽ വിദഗ്ധരായ കുട്ടികൾ | പി.ടി.എ |
| 4. സംഘബോധം ഉണ്ടാക്കൽ | സ്തംഭങ്ങൾ ,സ്തൂപികകൾ ഇവ ഗ്രൂപ്പ് തിരിഞ്ഞ് നിർമിക്കുന്നു. | രണ്ടാം ടേം | അധ്യാപകർ, സംഘത്തലവൻ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. ഗണിതാശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ പരിചയപ്പെടൽ. | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ 1 | അധ്യാപകർ , ഗണിത ക്ലബ്ബ് | പി.ടി.എ |
| 6. ഗണിത മത്സര വേദിയിലേക്ക് കൈപിടിച്ചുയർത്തൽ | ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ 1 | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ | ഗണിത ക്ലബ്ബ് |
| 7. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ആഗസ്റ്റ് സെപ്റ്റംബർ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ,പിടിഎ | പി.ടി.എ |
| 8.ഗണിത ലൈബ്രറി | ഗണിത പുസ്തകങ്ങളുടെ ശേഖരണം | തുടർ പ്രവർത്തനം | അധ്യാപകർ കുട്ടികൾ | പി.ടി.എ |
| 9. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ഒരു ടേമിൽ 2 എന്ന രീതിയിൽ പിടിഎ സംഘടിപ്പിക്കുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ,HM | പി.ടി.എ |

# PHYSICAL SCIENCE

## അക്കാദമിക് മാസ്റ്റർ പ്ലാൻ

ഹൈസ്കൂൾ : സയൻസ്

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | - സയൻസ് ലാബ് ക്രമീകരണം . ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | അക്കാദിക വർഷം | സയൻസ് ക്ലബ്ബ് | ക്ലബ്ബ് അധ്യാപകർ |
| | | - ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | | | |
| 2. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | - സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന ക്യാമ്പസ് - - പ്ലാസിക്, വസ്തുക്കളെ ഉപകാരപ്രദ-മായ വസ്തുക്കളാക്കി മാറ്റുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യൽ | അക്കാദിക വർഷം | സയൻസ് ക്ലബ്ബ് | PTA |
| | | - പ്ലാസിക്, വസ്തുക്കളെ ഉപകാരപ്രദ-മായ വസ്തുക്കളാക്കി മാറ്റുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യൽ | | | |
| 3. | അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ | - സയൻസുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിക്കുന്നു. . | അക്കാദിക വർഷം (1 തവണ) | അധ്യാപകർ | |
| 4. | തൊഴിൽ നൈപുണി. . | - പാഠഭാഗത്തിൽ പരിചിതമായ LED ബൾബ് നിർമാണം പരിചയപ്പെടുത്തുന്നു. | 1.ദിവസം | സയൻസ് ക്ലബ്ബ് | PTA |
| 5. | നേടുന്നതിനുള്ള കഴിവ് ആർജിക്കൽ | - സോപ്പ് നിർമാണം - വിവിധതരത്തിലുള്ള സോപ്പുകളുടെ നിർമാണം നടത്തുന്നതിനുള്ള ക്യാമ്പ് സംഘടിപ്പിക്കുന്നു. | 1.ദിവസം | സയൻസ് ക്ലബ്ബ് | PTA , അധ്യാപകർ |
| 6. | കൗതുകം, നിരീക്ഷണ പാഠവം ,അന്വേഷണ മനോഭാവാം എന്നിവ വളർത്തൽ | - പ്രവർത്തനങ്ങൾ ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. | അക്കാദിക വർഷം | അധ്യാപകർ | ക്ലബ്ബ് |
| | | - വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. - | | | |
| | | - കൊളാഷ് നിർമാണം, പോസ്റ്റർ നിർമാണം എന്നിവ വിവിധ ദിനാചരണങ്ങൾക്കനുസൃതമായി നടത്തുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നു | അക്കാദിക വർഷം | സയൻസ് ക്ലബ്ബ് | |

# INFORMATION TECHNOLOGY

**മേഖല – ICT**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

**മേഖല – ICT**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

# PHYSICAL EDUCATION

| അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025 | | | | | |
|---|---|---|---|---|---|
| ഹൈസ്കൂൾ | | | | | |
| മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം | | | | | |
| നം | പ്രവർത്തനം | മാസം | ലക്ഷ്യം | ചുമതല | ഫണ്ട് കണ്ടെത്തൽ |
| 1 | വിവിധ കായികയിനങ്ങൾ കുട്ടികൾക്ക് ക്യാമ്പായി നൽകുന്നു. **ഫുട്ബോൾ ബാഡ്മിന്റൺ ഖൊ-ഖൊ അത്‌ലറ്റിക്സ് നീന്തൽ** | ജൂൺ ജനുവരി | കുട്ടികളിലെ കായിക അഭിരുചി വളർത്തുന്നതിലൂടെ സബ്ജില്ല,ജില്ല, സംസ്ഥാന തലത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരം. | കായികാധ്യാപകൻ, സ്പെഷ്യൽ കോച്ചസ് | പി.ടി.എ, വിവിധ ക്ലബുകളുടെ സഹകരണം ജനപങ്കാളിത്തം |
| 2 | ഹെൽത്ത്/ ലഹരി ക്ലബിന്റെ രൂപീകരണം. | ജൂൺ | കുട്ടികളിൽ ആരോഗ്യ സംരക്ഷണത്തിന്റെ അവബോധം വളർത്തൽ. | കായികാധ്യാപകൻ പി.എച്ച്.സി | - |
| 3 | ഇൻട്രാമുറൽ മത്സരങ്ങളുടെ നടത്തിപ്പ് **ഫുട്ബോൾ ബാഡ്മിന്റൺ ഖൊ-ഖൊ അത്‌ലറ്റിക്സ്** | ജൂൺ ജനുവരി | എല്ലാവിദ്യാർത്ഥികളിലും സ്കൂൾതലത്തിൽ മത്സരിക്കുന്നതിനുള്ള അവസരം. | കായികാധ്യാപകൻ മറ്റധ്യാപകർ സ്കൂളിലെ മറ്റ് സ്റ്റാഫുകൾ. | പി.ടി.എ ഫണ്ട് |
| 4 | സ്കൂൾ ലൈബ്രറിയിൽ കായിക മേഖലയിലെ ഉന്നതരായവരുടെ പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കൽ. | സെപ്റ്റംബർ | അറിവ്, വായനാശീലം വളർത്തൽ. | സ്കൂൾ ലൈബ്രേറിയൻ | പി.ടി.എ ഫണ്ട്, വിവിധ സംഘടനകളുടെ സഹകരണം. |
| 5 | ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ. | ജൂൺ ജൂലൈ | ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലത്തെക്കുറിച്ചുള്ള അറിവ് നേടുക. | എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണം. | - |
| 6 | റോഡ് സുരക്ഷ ക്ലാസ് | ഒക്ടോബർ | സ്വയം അറിവ് നേടി, നാടിന് ഉപകാരപ്രദമാവുന്ന രീതിയിൽ കുട്ടിയുടെ വളർച്ച. | കേരള പോലീസിന്റെ സഹകരണം. | - |

# നന്ദിയുടെ ഒരു വാക്ക്...

മികവിന്റെ നിറവിലേക്കുള്ള നമ്മുടെ വിദ്യാലയത്തിന്റെയും ഓരോ വിദ്യാർത്ഥിയുടെയും **മുന്നേറ്റം** എങ്ങനെയായിരിക്കണം എന്നുള്ള ചിന്തകളെ ഏകോപിപ്പിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കേരളസർക്കാർ മുന്നോട്ടുവച്ചിരിയ്ക്കുന്ന ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് നാം ആസൂത്രണം ചെയ്തതിന്റെ ഫലമായിട്ടാണ് **"മുന്നേറ്റം"** തയ്യാറാക്കപ്പെട്ടത്... ഇതൊരിക്കലും പൂർണ്ണമല്ല... പ്രായോഗികമായും, പ്രാദേശികമായും ഉള്ള കാര്യങ്ങൾ ഉൾക്കൊണ്ട് മാറ്റങ്ങളും വളർച്ചയും ആവശ്യപ്പെടുന്ന ഒന്നാണ്... ഇതിന്റെ പ്രയാണത്തിൽ നമുക്ക് മാതൃകയായത് നാം നമ്മുടെ വിദ്യാലയത്തിന്റെ തനത് മാതൃകയായി അവതരിപ്പിച്ച 'സമഗ്ര വികസന രേഖയും' വിഷൻ 2020 യും 2024_25 വർഷത്തെ THE BEYOND "The Best is yet to come" അക്കാദമിക മാസ്റ്റർ പ്ലാനും ആണ്. ടീം ജിഎച്ച്എസ്എസ് എരഞ്ഞിമങ്ങാട് അങ്ങനെ തന്നെയാണല്ലോ, എല്ലാം ഒരുപടി മുമ്പിൽ നിന്ന് ആശയരൂപീകരണം നടത്തുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് നാം. അതിന്റെ പ്രതിഫലനമാണ് നമുക്ക് ലഭിക്കുന്ന നൂറുമേനിയുടെ മികവും, ജില്ലയിൽ നാം നടത്തുന്ന തിളക്കമാർന്ന മുന്നേറ്റങ്ങളും...

**മുന്നേറ്റം "മുന്നൊരുക്കത്തോടെ മുന്നേറാം;നേടാനുണ്ട് പുതിയ ആകാശങ്ങൾ..."**,എന്ന ആശയത്തിന് കരുത്തു പകർന്ന് എന്നും ഒപ്പം നിൽക്കുന്ന, സ്കൂൾ വികസന കാര്യത്തിൽ ബദ്ധശ്രദ്ധരായ രാഷ്ട്രീയ നേതൃത്വത്തിനും,പിടിഎ, എസ്എംസി എംടിഎ നേതൃത്വത്തിനും, അംഗങ്ങൾക്കും, സ്നേഹനിർദ്ദേശങ്ങളോടെ നയിച്ച പ്രിയങ്കരിയായ ഹെഡ്മിസ്ട്രസ് റോഷ്നി ടീച്ചർക്കും, മാതാപിതാക്കൾ, അഭ്യുദയകാംക്ഷികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർക്കും, സർഗ്ഗ സൗഹൃദം കൊണ്ട് എന്നും കരുത്ത് പകരുന്ന ധിഷണാശാലികളായ അധ്യാപക കൂട്ടായ്മയ്ക്കും, ഹൃദയത്തിൽ അക്ഷരം വെളിച്ചം തേടി സ്നേഹ മരച്ചോട്ടിലെ ഈ ഗ്രാമ വിദ്യാലയത്തിനന്മയിലേയ്ക്ക് സ്നേഹത്തോടെയെത്തുന്ന എത്തുന്ന ഓരോ കുരുന്നുകൾക്കും ഹൃദയം നിറഞ്ഞ നന്ദി...

നമ്മുടെ പ്രവർത്തനങ്ങൾ ഇവിടെ നിലയ്ക്കുകയല്ല, മറിച്ച് കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറാൻ വലിയ വിജയങ്ങൾ നമുക്ക് പ്രചോദനമാവുകയാണ്. നാം ഇതുവരെ നടത്തിയ മുന്നേറ്റങ്ങൾക്കുമപ്പുറം പ്രത്യാശാനിർഭരമായ സർഗ്ഗ-വികസന ചിന്തകളുടെ കരുത്തിൽ നാം മുന്നേറേണ്ടിയിരിക്കുന്നു.... അതിനായി നമുക്ക് മുന്നേയൊരുങ്ങാം... മികവിന്റെ പുതിയ ആകാശങ്ങൾ തേടി ഉയർന്ന് പറക്കാം...

Here, we are proclaiming that we are ready to strive hard and Dedicate ourselves towards Excellence... Hopefully Thankfully...

മുന്നേറ്റം Academic Master Plan 2025-26 അതിന് കരുത്ത് പകരട്ടെ...

നന്ദി... നന്ദി... നന്ദി...

ജോഷി കെ.വി.

HST English
SRG Convener
GHSS Eranhimangad